296
MARCH 2022

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



KERALA PRIVATE
COLLEGE TEACHER

MAR 2022 296

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

Special Editor
**Dr. Devi K Varma**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar Vallikkat
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Design : Jwala Creatives


Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
**Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

- *എഡിറ്റോറിയൽ* 3
- *അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തിലേക്ക്*
**ഡോ. സി. പത്മനാഭൻ** 4
- *Media and Language Change*
**Neethu Anna Tharakan** 6
- *Medicinal Propertis of Centella asiatica and its socio economic uses in various countries*
**Dr. Neethu S Kumar** 9
- *Musical Curriculum: Reflections from a Teacher/Singer's Life World*
**Dr. Parvathy Menon** 12
- *ഓലമെടയലും പുരമേയലും: ഒരു ഗ്രാമീണ നിറവിന്റെ ഓർമ്മ*
**ഡോ. എസ്. ഹരികുമാർ** 17
- *നിത്യകന്യകയ്ക്ക് പറയുവാനുള്ളത്*
**ഡോ. രമ്യ ആർ.** 23
- *പെണ്ണ്*
**പ്രതിഭാ പോൾ** 24
- *കീഴാള സ്വത്വബോധാവിഷ്കാരം ജയ്ഭീമിൽ*
**രജനി ആർ.ആർ.** 25
- *മൂന്ന് കൊറോണ കവിതകൾ*
**ജസിൻ രാജ്** 30
- *ദേവദാസികളുടെ സംഗീതം: പാരമ്പര്യവും ആധുനികതയും*
**ഡോ. എൻ. രേണുക** 31
- *വാതിലിനപ്പുറം*
**രമ്യാകൃഷ്ണൻ ആർ.** 35
- *Postmortem*
**Shareefa Beegam PP** 36
- *A Glimmer of Hope: WCD online memes*
**Dr. Teena Rachel Thomas** 37
- *Wellness Meets Happiness*
**Dr. Raji Prasad GV** 39
- *ഉടൽ*
**ഡോ. അഖില ബി. ഇടത്താഴെ** 42

# എഡിറ്റോറിയൽ



ഏറെ ഭയപ്പെടുത്തുന്ന തിരക്കിട്ട മാറ്റങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും ഇടയിലൂടെ ഉന്നത വിദ്യാഭ്യാസ രംഗം കടന്നുപോവുകയാണ്. പ്രതീക്ഷിച്ചതുപോലെ, അല്ലെങ്കിൽ അതിനേക്കാൾ വേഗത്തിലാണ് വിദ്യാഭ്യാസ പരിഷ്കാങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയെ നേരിട്ട് ബാധിക്കുന്ന നിരവധി റെഗുലേഷനുകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിൽ വരുന്ന നിരവധി ഏജൻസികൾ  ഇതിനകം തന്നെ പുറപ്പെടുവിച്ചു കഴിഞ്ഞു. ചർച്ചകൾക്കോ പരിഷ്കരണങ്ങൾക്കോ ആവശ്യമായ സമയം പോലും നൽകാതെ ദേശീയ വിദ്യാഭ്യാസ നയരേഖയുടെ ചുവടുപിടിച്ച് വിവിധങ്ങളായ പരിഷ്കാരങ്ങൾ റിപ്പോർട്ടുകളായിത്തന്നെ പുറത്തുവരുന്ന സാഹചര്യമാണ് ഉള്ളത്. കലാലയങ്ങളുടെയും സർവകലാശാലകളുടെയും നിലനിൽപ്പുപോലും അപകടത്തിലാവും വിധമുള്ള പരിഷ്കാരങ്ങളിൽ പലതിനും വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ല എന്നത് ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സുപ്രധാന പങ്കാളികൾ എന്ന നിലയിൽ ഏറെ  കരുതലോടെയും ജാഗ്രതയോടെയും  വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ വർത്തമാന പരീക്ഷണങ്ങളെ നാം സമീപിക്കേണ്ടതുണ്ട്.  വിദ്യാർഥി പക്ഷത്ത് നിന്നുകൊണ്ട്  പുരോഗമന ആശയങ്ങളെ മുറുകെപ്പിടിക്കുകയും  ആവശ്യമായ അക്കാദമിക ഇടപെടലുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുക എന്നതാണ് ഇനി നമ്മുടെ ദൗത്യം.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തിലേക്ക്

1958 ഡിസംബർ 21ന് രൂപീകരിക്കപ്പെട്ട നമ്മുടെ പ്രസ്ഥാനം അതിന്റെ അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തിന്റെ പരിസരങ്ങളിൽ എത്തിനിൽക്കുമ്പോൾ പൂർവമാതൃകകൾ ഇല്ലാത്ത പ്രതിസന്ധികളുടേയും പ്രതീക്ഷകളുടെയും പശ്ചാത്തലം നമുക്ക് ചുറ്റും ഉണ്ട് എന്നത് നമ്മൾ വളരെ വ്യക്തമായി മനസ്സിലാക്കേണ്ട കാര്യമാണ്. കാലഘട്ടത്തിന്റെ വൈരുധ്യഭാവങ്ങൾ  തിരിച്ചറിഞ്ഞു കൊണ്ട്  നാം ശ്രദ്ധാപൂർവ്വം കൈക്കൊള്ളുന്ന നയങ്ങളും പരിപാടികളും പ്രവർത്തനശൈലിയും തന്നെയാണ് നമ്മുടെ ഭാവിയേയും ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ ഭാവിയേയും ദേശീയതലത്തിൽ തന്നെ സാധ്യമായ ഇടപെടലുകളുടെ ദിശയേയും ഒരു പരിധി വരെ വരെ നിർണയിക്കുക എന്നത് നാം തിരിച്ചറിയേണ്ടതുണ്ട്.

സംസ്ഥാനത്ത് ആകെ ഒരു സർവകലാശാലയും ഏതാനും എയ്ഡഡ്/സർക്കാർ കോളജുകളും; വിദ്യാഭ്യാസം സംസ്ഥാന പട്ടികയിൽ ആയതിനാൽ താരതമ്യേന വിദൂരവും ഇടപെടൽ ശേഷി കുറഞ്ഞതും ഒപ്പം ഒരേയൊരു കേന്ദ്രതല സമിതിയും ആയ  യുജിസി യും ഒക്കെ ഉള്ള ഒരു കാലഘട്ടത്തിൽ ആണ് നമ്മുടെ സംഘടന രൂപീകരിക്കപ്പെട്ടത്. ഇന്നാകട്ടെ 203 എയ്ഡഡ് കോളജുകൾ തന്നെ കേരളത്തിൽ ഉണ്ട്. സംസ്ഥാന സർവകലാശാലകളുടെ എണ്ണം പതിനേഴിൽ എത്തി നിൽക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ ഈ വൻ വർദ്ധനവ് തന്നെ ഈ കാലഘട്ടം എത്രമാത്രം സങ്കീർണമായ ഇടപെടലുകൾ ആവശ്യപ്പെടുന്നു എന്നതിന് തെളിവാണ്. യുജിസി പലവട്ടം വിഭജിച്ച് ഒട്ടേറെ കേന്ദ്രതല മേൽനോട്ട സംവിധാനങ്ങൾ ഉണ്ടാ

യി എന്ന മാത്രമല്ല 1976 ലെ കുപ്രസിദ്ധമായ 42 ആം ഭരണഘടനാ ഭേദഗതി പ്രകാരം വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിലേക്ക് പറിച്ചുനടുകയും ഉണ്ടായി. അതോടെ കേന്ദ്രതീരുമാനങ്ങൾക്കും കേന്ദ്രം രൂപീകരിച്ച വിവിധ ഏജൻസികളുടെ തീരുമാനങ്ങൾക്കും എന്തെന്നില്ലാത്ത അധികാരപരിധി കൈവന്നു. 1990 കളിൽ കേന്ദ്രം നവലിബറൽ നയങ്ങളുടെ പുറകെ പോയി തുടങ്ങിയപ്പോൾ സംസ്ഥാനങ്ങളെയും സർവകലാശാലകളെയും അതേ വഴിയിൽ നടത്താൻ ഉപയുക്തമായ രീതിയിൽ യുജിസിയും തത്തുല്യ കേന്ദ്ര ഏജൻസികളും നിയമനിർമാണങ്ങൾ നടത്താൻ ആരംഭിച്ചു. ഫെഡറൽ തത്വങ്ങൾ അവഗണിച്ചുകൊണ്ട് നടത്തിയ ഇത്തരം നിയമനിർമാണങ്ങൾക്കുള്ള വഴി കാണിച്ചുകൊടുത്തത് അന്ന് കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാരുകൾ ആയിരുന്നു എങ്കിൽ പിന്നീട് വന്ന ബിജെപി സർക്കാരിന്റെ കയ്യിലെ ഏറ്റവും ശക്തമായ ആയുധമായി അത് മാറി. നവലിബറൽ നയങ്ങളും വർഗീയതയും ഒത്തുചേർന്ന ഏറ്റവും അപകടകരമായ സംയുക്തം ആണ് ഇന്ന് ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ ഗതി നിശ്ചയിക്കുന്നത് എന്നത് നാം തിരിച്ചറിയേണ്ടതും ചെറുക്കേണ്ടതുമായ കാര്യമാണ്. എല്ലാ മേഖലകളുടെയും സമഗ്രമായ സ്വകാര്യവൽക്കരണം ആണ് പ്രധാന അജണ്ട എന്നതിനാൽ നിലവിൽ ഭാഗികമായി സ്വകാര്യമേഖലയിൽ നിൽക്കുന്ന എയ്ഡഡ് മേഖല ഇപ്പോൾ നേരിടുന്നത് ഉന്മൂലന ഭീഷണി തന്നെയാണ്.

ആധുനികവൽക്കരണം എന്ന ഓമനപ്പേരിട്ടാണ് നവലിബറൽ നയങ്ങളുടേയും വർഗീയതയുടേയും ഈ ഇരട്ട കടന്നാക്രമണത്തെ അതിന്റെ പ്രയോക്താക്കൾ വിളിക്കുന്നത് എന്നതിനാൽ വികസനവാദികളായ ചില ശുദ്ധാത്മാക്കളെ അവർക്ക് കൂട്ടിന് ലഭിക്കുന്നുണ്ട്. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന അത്തരക്കാർ നമ്മുടെ ഒക്കെ ചില കാമ്പസുകളിൽ തന്നെ

**കേവലമായ പ്രാദേശിക ചിന്ത എന്ന നിലയിലോ മറ്റോ അല്ല മറിച്ച് നവോത്ഥാനകാലം മുതൽ കേരളം ആർജിച്ച വിദ്യാഭ്യാസ ദർശനങ്ങളും പ്രയോഗങ്ങളും കൂടി ഉണ്ടാക്കി എടുത്ത വൈവിധ്യമാർന്ന മാതൃകകൾക്ക് ഇനിയും പ്രസക്തി ഉണ്ട് എന്നതാണ് കേരളത്തെ സവിശേഷമായ ഒരു പ്രദേശമാക്കി മാറ്റുന്നത്.**

ഉണ്ട്. കാര്യമറിയാതെയും രാഷ്ട്രീയവിവേചന ശേഷി ഇല്ലാതെയും വികസനത്തെ അന്ധമായി ആരാധിക്കുന്ന ചിലർ കേന്ദ്രനയങ്ങളുടെ ആരാധകരായി മാറുന്നതും അവർ ഉൽപ്പാദിപ്പിക്കുന്ന സാങ്കേതിക പദങ്ങളുടെ പ്രചാരകരായി രംഗത്ത് വരുന്നതും സ്വാഭാവികമാണ്. നമുക്കാണെങ്കിൽ കൊളോണിയൽ ആധുനികതയുമായി ബന്ധപ്പെട്ട ആശയപരമായ കീഴ്വഴങ്ങലിന്റെ ചരിത്രവും അത്രയൊന്നും മായാതെ വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നുമുണ്ട്. ഇതെല്ലാം ഒത്തുചേരുന്ന ഇടത്ത് വേണം നമ്മൾ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപെട്ട അരാഷ്ട്രീയതയെ സൂക്ഷ്മമായി കണ്ടെത്താൻ. ഇതെല്ലാം ചേർന്ന് ഉന്നതവിദ്യാഭ്യാസ മേഖല അഭൂതപൂർവമായ ആശയക്കുഴപ്പങ്ങളുടെ കൂടി മേഖലയായി മാറിക്കൊണ്ടിരിക്കുകയാണ്. സൂക്ഷ്മരാഷ്ട്രീയ വിചിന്തനങ്ങളിലൂടെയും പ്രയോഗങ്ങളിലൂടെയും മാത്രമേ ഈ അവസ്ഥയെ മറികടക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് ഈ സംസ്ഥാന സമ്മേളനം കാണേണ്ട ഒരു കാര്യം.

പരിഹാരമെന്ത് എന്ന ഏതൊരു ആലോചനയും കേരളത്തിൽ നിന്ന് ആരംഭിക്കേണ്ടതുണ്ട്. കേവലമായ പ്രാദേശികചിന്ത എന്ന നിലയിലോ മറ്റോ അല്ല മറിച്ച് നവോത്ഥാനകാലം മുതൽ കേരളം ആർജിച്ച വിദ്യാഭ്യാസ ദർശനങ്ങളും പ്രയോഗങ്ങളും കൂടി ഉണ്ടാക്കി എടുത്ത വൈവിധ്യമാർന്ന മാതൃകകൾക്ക് ഇനിയും പ്രസക്തി ഉണ്ട് എന്നതാണ് കേരളത്തെ സവിശേഷമായ ഒരു പ്രദേശമാക്കി മാറ്റുന്നത്. വിവിധ ഘടകങ്ങൾ പരിശോധിച്ചാൽ; അത് സാമൂഹ്യനീതിയായാലും അവസരസമത്വമായാലും പ്രാപ്യതയായാലും കേരളം നേടിയ നേട്ടങ്ങൾ ഒട്ടും ചെറുതല്ല എന്ന് മാത്രമല്ല ഗുണമേന്മയുടെ ഒരു തലം ഇതിലെല്ലാം ഉണ്ട് താനും. ഇതിൽ നിന്നെല്ലാം വേർപെടുത്തിയ ഒരു വരേണ്യ ഗുണമേന്മാസങ്കൽപ്പത്തിന് രാജ്യമാകെ പ്രചാരകരുള്ളപ്പോഴും കേരളത്തിൽ അത്തരമൊരു ശുദ്ധ ഗുണമേന്മാവാദം വ്യാപകമാകാതിരിക്കാൻ കാരണം ഈ സാമൂഹ്യ പശ്ചാത്തലം തന്നെയാണ്. കേരളത്തിൽ എല്ലാം മികച്ചത് എന്ന അർത്ഥത്തിലല്ല മറിച്ച് കേരളത്തിന്റെ നിലവിലുള്ള സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക അന്തരീക്ഷവും നിലവിലുള്ള ഉന്നതവിദ്യാഭ്യാസ രംഗവും തമ്മിലുള്ള പാരസ്പര്യം കണ്ട് കൊണ്ട് വേണം പരിഷ്കാരങ്ങൾ വിഭാവനം ചെയ്യാൻ എന്നതാണ് പറഞ്ഞതിന്റെ ചുരുക്കം. അത്തരമൊരു നവകേരള വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിലേക്ക് കേരളത്തെ കൈപിടിച്ചുയർത്താൻ ഉള്ള മഹത്തായ അവസരമാണ് ഇടതുപക്ഷ ഭരണത്തുടർച്ചയിലൂടെ കേരളത്തിന് കൈവന്നിരിക്കുന്നത്. അതുകൊണ്ടുതന്നെ ആശങ്കകളുടെയും പ്രതീക്ഷകളുടെയും ഈ വിരുദ്ധതലങ്ങളെ ഉൾക്കൊണ്ടുകൊണ്ട്കൊണ്ടാണ് "നവഉദാരവൽക്കരത്തിനെതിരെ; നവകേരള സൃഷ്ടിയ്ക്കായി" എന്ന മുദ്രാവാക്യത്തെ എകെപിസിടിഎയുടെ അറുപത്തിനാലാം സംസ്ഥാനസമ്മേളനം അതിന്റെ കേന്ദ്രമുദ്രാവാക്യമായി സ്വീകരിച്ചത്.

**Neethu Anna Tharakan**
Mar Ivanios College Autonomous, Nalanchira

# Media and Language Change

The never ending transmission of culture and heritage from generation to generation is done basically through language. Language has melody, rhythm, stress and juncture. It's a representational system, a system which provides us with the symbols we need to model for centuries, inside our heads and the universe around us. Many factors influence language. No doubt media has a great part. The advent of media provided a different kind of experience of spoken and written language alongside the usual spoken and written communication. The main element with which the media communicates with the people is by using language. It's high time to peep into its influence since it has penetrated deeply into our thoughts and actions. People who began using email and later instant messaging, found it efficient to invent a whole new world of acronyms and these spread like a wildfire across the internet. Communication became so easy that people stopped writing things out with pen and paper. The emergence of media has with no doubt resulted in an exponential shift in the use of language. Media has given life to a plethora of new words and phrases. It has been a rich playground for experimenting, creating new words and repurposing old ones. Drawing on certain evidences this study explores the process of shift in language consequent to the influence ifmedia.

Keywords: plethora, repurposing, juncture, acronyms, exponential

Communication is one of those human activities that everyone recognise, but few can define satisfactorily. Communication is talking to one another, it is television, it is spreading information, it is literary criticism, it is culture ;




the list is endless. In the process of communication language plays an important role. It is an extraordinary gift of God. In fact Aristotle says “man is a rational animal and that what sets him apart, what rises him above animals, is that he has the ability to reason, and it’s very clear that he cannot reason without language” Language is what distinguishes man from other creations of God. It is a crucial factor that helps in the overall development of an individual. It has made the growth of civilizations possible.Initially language was spoken and not written. But the printing system went along way in the dissipation of knowledge and without which humans would have remained in the dark ways of life and the thought process of their ancestors.

We are in a new world of communication that is ever expanding. The significance of communication brings forward the significance of language - the most important means of communication. The legend of the Babel’s tower tells that at the very beginning of the world, human beings had only one and unique language. But now there are over 5000 languages in the world ,but at the same time 25 languages die every year. However whatever be the situation language has transformed over centuries and it can change over few years as the language used by young people provides us with the needed evidence. This process of semantic change has become a dominant feature of our contemporary society. Many factors like class, society, science, technology, media etc influence this semantic change. However in the present scenario, language evolves partly through our interaction with technology and no doubt we cannot hide the role of media, the fastest growing technology. Media has

shaped the language that we use in our day to day life. The emergence of media networks (email, internet, whatspp, twitter, facebooketc) have resulted in an exponential shift in language. It has given life to a plethora of new words and phrases. Through media people are positioned or will position themselves in relation to a flood of images and information about both worlds distant in space or time as well as the world close tohome.

A considerable body of research from diverse disciplines over the past century has traced the complex and subtle ways in which the media has become an integral part of our language. If one compares dialogues via old fashioned SMS service, to internet based messaging services such as whatspp/viber one quickly sees that traditional SMS usually contain many speech actions-the messages are 'chunky'. On the other hand if we draw out whatsapp/viber we find that each message contains only a morsel of single speech action. Media has also introduced a cluster of new words and phrases. Certain words which crop up on social media are troll, blogs, buzzwords etc. Informal expressions such as OMG(Oh my God), WTF (Welcome to family) , LOL (Laugh out loud), TTYL (Talk to you later) have somehow leaked their way into casual conversations, albeit the user of such terms tends to be of a younger age, the use of these 'phrases' is still present. 'Emoticons' are also used to convey what the user is feeling or to express the intended tone without actually having to write it. These phrases, signs and acronyms creep up in everyday language proving that sometimes words when put together can make us 'LOL'.

Social media platforms such as Facebook and Twitter are allowing certain expressions to be perceived as a norm, which can be used in real life situations, regardless of the reason for their initial creation - online convenience. A whole host of words originating from social media and the wider internet have become so common place that they have now slipped into popular usage while some words appear quickly and then fade away, others become so common place that they immediately become permanent fixtures of our language. It also enhances the scope of language as well.

Yet another phenomenon that we see today is re -appropriation. It is  the process by which group  of words that was previously used in certain ways are given new meanings. 'Like' and 'viral' are two examples of words that had their meaning re appropriated by social media. Even some online brands are becoming so powerful that words have crept into English language. Google, the world's leading search engine has become so universal in its usage that the phrase 'Google it' has virtually replaced the phrase 'search for it'. Tweet it means , writing message using Twitter but it has essentially came to mean 'share it'.

All these evidences suggests that media has revolutionized language. Its ever evolving nature leaves our language in a state of alteration and regeneration. In the past it took years or even decades for word usage to warrant inclusion in the dictionary. Radio, television and other media networks shortened the amount of time it took for new words to gain traction. So undeniably we can say that media rules over the ever evolving nature of language. It has became a driving force behind the shift in language. Going forward it seems likely that social media will have greater presence in our daily lives and a dominant influence over the evolution of language.

**Notes:**

Emoticons: It is a representation of a facial expression such as a smiley/frown formed by various combinations of keyboard characters. It has become very common today.

Exponential : It means ' a rapid increase'. Media is in a way the power behind the exponential shift in language

**References:**

Goel, S.K.Communication Media and Information Technology. Common Wealth Publishers:New Delhi;1999.

Kumar, Keval J. Mass Communication In India.Jaico Publishing House:Mumbai;2010.

Sapir, Edward: Language : An introduction to the study of speech.Harcourt, Brace Company:New York;1921.

Singh, Jithendra :Mass Communication. SumitEnterprises : NewDelhi;2005.

Wood,F.T.An Outline History of English Language.Macmillian India PvtLtd:Chennai;1969.

**Dr Neethu S Kumar**
NSS College for Women, Neeramankara, Karamana

# Medicinal propertis of Centella asiatica and its socio economic uses in various countries

Centella asiatica, a clonal, perennial herbaceous creeper belonging to the family Umbelliferae (Apiaceae), is found throughout India growing in moist places up to an altitude of 1800 m. It is found in most tropical and subtropical countries growing in swampy areas, including parts of India, Pakistan, Sri Lanka, Madagascar, South Africa and South pacific and Eastern Europe. About 20 species related to Centella grow in most parts of the tropic or wet pantropical areas such as rice paddies, and also in rocky, higher elevations.

Centella asiatica is a tasteless and odourless plant that thrives in and around water. It has small fan-shaped green leaves with white or light purple-to-pink or white flowers and it bears small oval fruit. The whole plant is used for medicinal purposes.

The primary active constituents of Centella asiatica are saponins (triterpenoids), which include asiaticosides, in which a trisaccharide moiety is linked to the aglycone asiatic acid, madecassoside and madasiatic acid. These triterpene saponins and their sapogenins are mainly responsible for the wound healing and vascular effects. It inhibits the production of collagen at the wound site. Centelloside and its derivatives are found to be effective in the treatment of venous hypertension. In addition, the total extract contains plant sterols, flavonoids, and other components with no known pharmacological activity. Centella asiatica is a rich source of amino acids, flavonoids, terpenoids, essential oils, alkaloids, etc. Most of the



phytochemical studies concentrated on leaves and the constituents vary depending upon the geographical distribution.

Centella asiatica is widely used as a blood purifier as well as for treating high blood pressure, for memory enhancement and promoting longevity. In Ayurveda, it is one of the main herbs for revitalizing the nerves and brain cells. Eastern healers relied on this plant to treat

emotional disorders, such as depression, that were thought to be rooted in physical problems. In the Western medicine, during the middle of the twentieth century, Centella and its alcohol extracts reported to have shown positive results in the treatment of leprosy.

Plants as a source of food, herbs, and medicines have been used for thousands of years in many traditional medicine systems. Growth in research on plant-based herbal products has increased exponentially both in developed and developing nations. Possible reasons for this could be its therapeutically safe and effective action against mild and chronic diseases, and also its increased use as a dietary supplement. It has been used for hundreds of years in Indian Ayurveda, Malaysian, and Chinese herbal medicine, as well as being used in other parts of Asia. It also helps in improving memory and in treatment of mental fatigue, anxiety, and eczema. The species is currently being cultivated in many parts of the world due to its high medicinal value and wide range of uses.

The functional properties of Centella asiatica include antioxidant activity, antifungal activity, antibacterial activity, antiviral activity, antiprotozoal activity, antifilarial activity, cardioprotective activity, antiulcer activity, antidiabetic activity, anti-inflammatory activity, cytotoxic and antitumour activity, neuroprotective activity,

skin protective activity, radioprotective activity.

Centella asiatica has many ethnopharmacological and economical values. The plant material and its products are being used for health care since ages. Economically the whole plant especially the leaves are used for the preparation of hair oil. Leaves are also used to prepare chutney, hasuvale, tambali and toddy. Some of the important Traditional Socio -Economic uses of Centella asiatica in different countries are as follows:

• India - Centella asiatica is valued as an ethnomedicinal in Ayurveda and Unani, the traditional Indian medicinal systems for thousands of years for different ailments like asthma, skin disorders, ulcers and body aches, for improving memory, as a nervine tonic and in treatment of dropsy, elephantiasis, gastric catarrh, kidney troubles, leprosy, leucorrhoea and urethritis, maternal health care, in treatment of stomach disorders and also as a vegetable.

• China – The traditional Chinese function include the use of this herb for dysentery and summer diarrhoea, vomiting, jaundice and scabies, Hansen's disease (leprosy), nosebleeds, tonsillitis, fractures, measles, tuberculosis, urinary difficulties, as an endocrine tonic and as an 'adaptogen', have diuretic properties. It was historically known as "Snow plant" for the reason of its cooling properties.

• In Nepal also, this herb is used traditionally in rheumatism, indigestion, leprosy, poor memory. Crushed leaf and root extract is applied to the affected parts to kill germs from wounds. Decoction of leaves is also applied to cure leprotic wound.

• Malaysia – The plant is used by Kadazandusun communities around Crocker Range, Sabah as tea. There, tea of the plants is taken for hypertension, diarrhoea and urinary tract infections. The dried herb is used as detoxicant, diuretic and to lower blood pressure and decrease heart rate.

• Bangladesh – Whole plant is utilized by Kavirajes (a community of Chalna area, Bangladesh) to treat multiple ailments like dog bite, asthma, carminative, itching, leucorrhoea, malaria, tumor and wounds.

• Fiji – For treating Childhood tidal fevers, eye problems, fractures, swollen joints, rib pain and unwanted pregnancy.

• Madagascar – This herb is traditionally utilized in leprosy, tuberculosis etc.

• Brazil – For elephantiasis and leprosy etc.

Centella asiatica has been studied extensively not only for its medicinal or pharmaceutical properties but also for its toxicity and interaction with a wide range of drugs and foods. The saponoside fraction of the plant extract containing brahmic acid and its derivatives were found to cause infertility in both human and rat sperm. Centella asiatica was postulated to interfere with blood glucose level when co-administered with hypoglycemic therapy. The excessive amount of Centella asiatica consumed when taken orally can cause headaches and transient unconsciousness. Moreover, the continuous use of Centella asiatica for more than 6 weeks can cause spontaneous abortion in women, and is therefore not recommended. The occurrence of allergic contact dermatitis with topical application of creams containing Centella asiatica extracts were also observed.

Centella asiatica is one of the most potent herbal supplements for treating central nervous system (CNS) -related disorders. It has a balancing effect on mood and also increases concentration. Clinical evidence suggests that it can be used to treat venous and arterial problems, as it showed beneficial effects in strengthening vascular systems and connective tissues. Due to its diverse potential health applications, Centella asiatica is being exploited at a faster rate, and as a result it is listed as a highly threatened plant species by the International Union for Conservation of Nature. There is a need for continuous production of Centella asiatica on a large scale, grown in vitro, to meet the demands of the herbal industry.

**Dr. Parvathy Menon**
All Saints' College, Thiruvananthapuram

# 'Musical Curriculum': Reflections from a Teacher/Singer's Life World

***"Music is a moral law. It gives soul to the universe, wings to the mind, and life to everything. Without music, life would be an error." (Plato)***

Music is a power that directly reaches the soul of the individual; it becomes a message that goes from heart to heart: from the heart of the composer/singer, to the heart of the listener. That power is very strong and influences individuals, societies and governments; and it can be used to educate, teach and transmit values that benefit the social, intellectual, moral and spiritual development of an individual. Music has a big influence on our behaviour: it strengthens our soul, it also affects our body, stimulates our intelligence and creativity and influences the perception we have of the world. It has the power of moving the body, spirit and soul of the listener, impacting his life. Music is a power that can influence and promote great movements in the world, that can reinforce moral, ethical and spiritual values in people. It is a universal language which can be used as a tool for promoting a global change. It can place the human being in harmony with himself, with his family, community, nation and Mother Earth. If we combine education with music, the teaching goes directly to the heart of the student and it can produce good results. If music is included as a method of integral teaching within the educational system at a global level, we can make music as an instrument to teach ethical, moral and spiritual values in students. Music can bring them together and empower and inspire them to work unitedly to accomplish their goals and achieve visions.

Music is a language that reflects the culture of the society in which it is composed and

developed; an effective tool in the transmission of verbal and non-verbal cultural values. It is a vital element in people's lives and at the same time an effective educational tool. This characteristic of music: its role as a teaching tool and its effectiveness and importance in a student's personal development; is debated in many educational research publications. The individual and societal functions of ‘musical curriculum’, which is defined most fundamentally as the process of establishing desired behavioural change with music, also ensure behavioural changes, in both cultural and social dimensions, in a student. Thus, it not only develops a student's character in a positive way, at the same time it also ensures his/her development as an individual, who is accepted in community life and communicates in a healthy way with his/her environment; that is- socializes positively in the community.

Education is the most effective tool to transfer common values through generations because the fundamental goal of education is to teach common sense and awareness to individuals. The functions of music as a teaching tool include musical stimulation and response of a student’s cognitive, sensual and psycho -motor skills in order for them to be balanced, satisfied, healthy, successful, sensitive and happy. The roles played by music include music's societal functions in ensuring mutual acquaintance, understanding, cohesion, sharing, cooperation, and unity between students; between students and the



community; between different levels of society and between communities. Music’s cultural functions include the role of a cultural booster, a carrier and transmitter from generation to generation of cultural characteristics and musical accumulation and activities that enrich relations between cultures. ‘Musical curriculum’ carries great importance in creating behavioural changes in a student in both cultural and social dimensions. That is to say; the changes occurring in a student’s behaviour through music education will affect society and that the changes in society will in turn affect the student also.

**Influences of ‘Musical curriculum’**

The most important function of musical curriculum is the positive shaping of a student's character and thereby social life, through the transmission of common cultural values.

Music education introduces values to the student such as patience, discipline and sharing. Through musical curriculum, students learn to listen and gain abilities such as perceiving and understanding what they hear, learn to express themselves well and turn negative emotions and behaviours such as insecurity, shyness, aggressiveness and fear into positive emotions and behaviours. Through regular musical activities, they learn to use time effectively and structure their lives, gain a habit of being disciplined, find good role models by establishing communication with their peers, learn to be at ease in a group and learn to try without fear of making mistakes and learn active communication. They also understand the rules of cooperation and try to take responsibilities, perceive the importance of love, respect, mutual support, tolerance and being in harmony with



the society, get acquainted with their national culture and traditions and internalize them. Another contribution of musical curriculum is that it directs the student towards aestheticism and enables him to be sensitive to the environment he lives in. In school, music education is the most effective teaching tool that can be used in the transmission of values through group activities like children's songs. Children's songs are a factor in instilling a love of music, developing musical abilities; and at the same time teaching societal rules, national values, contributing to personal development, providing children with happiness, ensuring communication among individuals especially in the early years of childhood and helping to develop cognitive and language abilities. Music lessons are suitable for instilling of values, however sufficient space is not given to value education in the lessons taught. It is possible to teach values through music and reflect on them. Music education that is conducted with songs that include values of sharing, tolerance and responsibility helps children to gain these values and is effective in increasing their awareness levels of the values. Overall, positive changes in students' social interactions and behaviour are fostered when character values are incorporated into classroom instruction. Furthermore, when musical activities are combined with character development, children are better equipped to proactively address problems in their daily lives. Through musical activities- especially joint musical activities such as group singing and choral singing, playing musical instruments etc. children learn to value and honour the feelings and skills of themselves and others, take into account and respect differences and show tolerance and consideration for others. Another important factor is the presence of positive role models, in terms of the values and in the environment that value education is conducted. There is no doubt that a student acquires values initially by taking his family as a model and later by observing the reinforced behaviour of his teachers and peers. Influences outside of the family and school, such as the internet,


social media, television also play an important role. Teachers can plan so that activities within the classroom, within school and within family are interconnected. Attention must be drawn with activities that families and school can do together such as musical activities, group work, competitions, skits etc. Training activities, seminars/webinars, conferences and symposiums can be organized on the topic in order to raise awareness in families, amongst students, educators and in the media. Teachers can be given practical music education, on how they can use music/music education as a tool and method in the higher education scenario.

Music can make a powerful contribution in the development of students, having benefits which range from those that are largely academic to the growth of social skills and overall development. It is a unique form of communication that can change the way students feel, think and act. Their involvement in music engages and re-engages them, increasing their self-esteem and maximising their progress in education. Research has shown a direct link between music and improved reading ability. The greatest improvement was seen when teaching was tailored to pupils' existing skills and abilities – for example if reading and language skills are of a high standard initially, more advanced music education may be needed to have an impact on it. There is also evidence that music education can have a significant effect on the reading ability of students who had been experiencing difficulties, particularly teaching associated with rhythm. In addition, studies have shown that music instruction improved students' ability to remember words and thereby improve their vocabulary and also enhance language development. Evidence also suggests a link between mathematics and the music used- for example some types of music education can encourage improvement in some elements of maths more effectively than others. Studies have also shown a connection between music and increased scores in IQ. In both cases it is rhythmic music training that has been shown to make the greatest improvement. Other studies have demonstrated a link between music and creative skills, particularly musical improvisation and lessons which require students to be imaginative.

A number of studies have demonstrated the positive impact music can have on personal and social development, including increased self-reliance, confidence, self-esteem, sense of achievement and ability to relate to others. Studies have also highlighted different benefits from participating in music groups and the need to work together towards a common goal. These include discipline, teamwork, cooperation, self-confidence, responsibility and social skills.

**Music, History and Peace**

Both Music and History have the power and ability to stir the senses, bring people together, trigger emotions and transcend the boundaries of hearts and minds. They can play an important role in the development of qualitative values to promote peace and will automatically build up positive attitudes and supportive behavioural patterns in students. Students






will get an opportunity to become aware of different cultures and become familiar withessential virtuesof other cultures. As cultural conflict is a factor undermining peace, widening the understanding of other cultures will help foster tolerance. Music, if adapted to curriculum, can develop in our students, the future adults, a mindset conducive to building a culture of peace.

Therefore, if Music is introduced into the curriculum, it would crucially affect the mental landscape of the stakeholders of higher education through liberating them from the clutches of communal, casteist and gender affiliations and thought processes to a significant level. The therapeutic power of music is historically proven in various instances that its academic value is to be tested for propagating and transmitting the idea and notions of peace. A class room or college is a social laboratory, microcosm of the society, comprising of diverse elements of thoughts and ideas and therefore it offers immense possibility in understanding the impact of an artistic and aesthetic intervention in the academic terrain, where the epistemological transformations in the life of an individual take place through explorative transpositions through different ideological and pragmatic value systems. Music, as an auxiliary discipline is naturally well set to take the students into the world of variegated cultural affiliations that gets integrated through the unifying power of emotive heuristics that it makes beyond class/caste/gender consciousness and ideological moorings. As a teacher and a singer, I have experienced the transformative potential of music in many circumstances inside the academia that it transcends into any discipline boundaries so effectively and causates even unification of knowledge value systems. On an ontological level, music creates a pristine ground of ideological fertility and mental dispositions that are remarkably different from any other discipline and calls for effective and creative interventions in curriculum designing and pedagogical modalities in the arena of higher education. Being a teacher of history in the higher education scenario and also being a practitioner of music, I argue that through incorporating the study of music in the higher education curriculum, many of the orthodox 'doxas' attached to the intellectual world can be eliminated and a critical social scientific perspective developed for the emancipation of knowledge systems entrenched in narrow and petty affiliations. If we need to realize the value of music education in the formation of social consciousness, it is necessary to study the multi-faceted relationship between music, education, culture and society, i.e., to look for constants, shared values and meanings, as well as inconsistencies and contradictions. Music in the classroom acts like a catalyst that would bring in an ambience of free and fair thinking when transmitted through advance pedagogical modalities and practices.

**ഡോ. എസ്. ഹരികുമാർ**
എം.ജി. കോളേജ്, തിരുവനന്തപുരം


# ഓലമെടയലും പുരമേയലും : ഒരു ഗ്രാമീണ നിറവിന്റെ ഓർമ്മ

നഗരവത്കരണവും ഫ്ളാറ്റ് സംസ്കാരവും കേരള സമൂഹത്തെ പിടിമുറുക്കുന്നു എങ്കിലും ഇപ്പോഴും ഗ്രാമവും തെങ്ങും തൊടിയും മറ്റും നാമമാത്രമായെങ്കിലും നിലനിൽക്കുന്നു എന്നത് ഒരു ആശ്വാസമാണ്. ഏക്കറുകണക്കിന് നിലങ്ങളും കൃഷിഭൂമിയും തരിശിട്ട് മലയാളി ടെറസ് പച്ചക്കറിക്കൃഷിയിലേക്ക് മാറിയിരിക്കുന്നു. എന്നാൽ ഇപ്പോൾ ചോർച്ച തടയാനായി ഭൂരിഭാഗം ടെറസുകളും റൂഫിംഗ് ഷീറ്റ് കൊണ്ട് മൂടിയിരിക്കുന്നു. ഒരു മുപ്പത് കൊല്ലങ്ങൾക്കപ്പുറത്ത് വീടുകൾ കാണാമായിരുന്നു. കോൺക്രീറ്റ് വീടുകൾ അപൂർവ്വമായിരുന്നു. ചില വലിയ വീടുകളും മനകളും ഓടുമേഞ്ഞവയായിരുന്നു.

ഓലമേഞ്ഞ വീടുകൾ ഓരോ വർഷവും പഴയതായി മാറുകയും അടുത്ത വർഷകാലത്തിന് മുൻപ് പുത്തനായിത്തീരുകയും ചെയ്തിരുന്നു. മുഴുവൻ മേൽക്കൂരയും പൊളിച്ചിറക്കി ഉത്തരവും കഴക്കോലും പട്ടികയും ചുമരും തട്ടിൻപുറവും അടിച്ചുവൃത്തിയാക്കി പുത്തൻ ഓലമേഞ്ഞ് നിലവും ചാണകം മെഴുകി വെടിപ്പാക്കിക്കഴിയുമ്പോൾ ഓരോ ഓലക്കെട്ടും വീടുകളെ തികച്ചും പുതിയതാക്കി മാറ്റിയിരുന്നു. പല്ലി, പാറ്റ, എലി മുതലായ ജീവികളെയെല്ലാം ഓരോ വർഷവും പുറത്താക്കുന്നു. നീണ്ട ഒരു വർഷത്തെ ക്രമമായ അദ്ധ്വാനമായിരുന്നു ഓരോ ഓലക്കെട്ടും. അതൊരു ഉത്സവം തന്നെയായിരുന്നു. പൊളിച്ചിറക്കിയ പഴയ ഓല തൊഴുത്തുമേയാനും തീ കത്തിക്കാനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നു. സാധാരണക്കാരുടെ വീടുകൾ പൊളിച്ചിറക്കിയതിൽ നിന്നും കൊള്ളാവുന്ന പഴയ ഓലയും പുതിയ ഓലയും ചേർത്തടുക്കി കെട്ടുമ്പോൾ സമ്പന്നരുടെ വീടുകൾ രണ്ടും 'പുത്തൻ' ഇട്ട് കെട്ടിയിരുന്നു. മൂന്നുനാല് മുറിയും അടുക്കളയും വരാന്തയും മറ്റുമുള്ള വീടുകൾ കെട്ടിമേയാൻ സാധാരണഗതിയിൽ മുന്നൂറ് മടൽ ഓലവരെ വേണ്ടിയിരുന്നു.

ഒരുമടൽ ഓല എന്നു പറയുമ്പോൾ രണ്ട് 'കീറ്'കൾ ചേരുന്നതായിരുന്നു. അങ്ങനെ നോക്കിയാൽ ഒരു വീട് കെട്ടിമേയാൻ സാധാരണഗതിയിൽ അഞ്ഞൂറിന് മേൽ അറുന്നൂറിനകം കീറുകൾ വേണമായിരുന്നു. ഒരു കീറ് ഓലപോലും ആരുംതന്നെ പുറത്തുനിന്ന് വിലകൊടുത്ത് വാങ്ങിയിരുന്നില്ല. എന്നാൽ ഓരോ വർഷവും കെട്ടിമിച്ചം വരുന്ന മെടഞ്ഞ ഓല വിലയ്ക്ക് വിൽക്കാൻ സാധിച്ചിരുന്നു. മൊത്തക്കച്ചവടക്കാരായ ചെട്ടിയാർമാരും മറ്റും സാമാന്യം നല്ല വിലകൊടുത്തുതന്നെ മെടഞ്ഞ ഓല കൊപ്രാക്കളങ്ങളും വലിയ ഷെഡ്ഡുകളും സ്കൂളുകളും പാരലൽ കോളേജുകളും മേയുന്നതിനായി വാങ്ങിയിരുന്നു.

ഓരോ കുടുംബത്തിന്റെയും കൂട്ടായ അധ്വാനമായിരുന്നു ഓല മെടഞ്ഞ് ഉണക്കി അടുക്കി സൂക്ഷിക്കുക എന്നത്. ഗൃഹനാഥനും സ്ത്രീകളും കുട്ടികളും എല്ലാം തന്നെ തങ്ങളുടേതായ സംഭാവന ഓരോ കീറ് ഓല



യിലും അർപ്പിച്ചിരുന്നു. അതായത് ഒരു കുടുംബം അന്തിയുറങ്ങുന്നത് തങ്ങളുടെ ഒരു വർഷത്തെ കൂട്ടായ അധ്വാനത്തിന്റെ തണലിലും സുരക്ഷിതത്വത്തിലും തണുപ്പിലും ആയിരുന്നു. ഓലകെട്ടിലേക്ക് എത്തുന്നതിന് മുൻപ് ഓല എപ്രകാരമാണ് മെടഞ്ഞെടുക്കുന്നത് എന്ന് നോക്കാം.

നല്ല കായ്ഫലമുള്ള തെങ്ങിൽ നിന്നും വീതിയും നീളവുമുള്ള, പുഴുക്കുത്തും വണ്ട് ശല്യവും ബാധിക്കാത്ത 'അടിമടൽ' ഓലകളായിരുന്നു മെടയാനായി തെരഞ്ഞെടുക്കുക. സ്വാഭാവികമായി തെങ്ങിൽ നിന്നും ഉണങ്ങിവീഴുന്ന ഓലകളും ഉപയോഗിച്ചിരുന്നു. എങ്കിലും ഓരോ 'ഒഴി' തേങ്ങയിടലിലും 'തണ്ടാന്മാർ' വെട്ടിയിടുന്ന പച്ച ഓലകളായിരുന്നു കൂടുതലും വെയിലത്ത് ഉണക്ക് ഉപയോഗിച്ചിരുന്നത്. ഒരു തെങ്ങിൽ നിന്നും ഒരു സമയം രണ്ടോ മൂന്നോ ഓലകൾ മാത്രമേ വെട്ടുകയുള്ളൂ. അവയിൽ മടൽ ഒടിയാതെ ഓലയ്ക്കാൽ കീറുകയോ പൊട്ടുകയോ ചെയ്യാതെ വലിച്ച് വെയിലുള്ള നിരന്ന സ്ഥലങ്ങളിൽ ഉണങ്ങാനിടുന്നു. ഉണങ്ങാനിടുന്നതിന് മുൻപ് ഓലകളിൽ നിന്നും 'വഴുത' ഉരിഞ്ഞെടുത്തിരുന്നു. ഇവ ഉണക്കി കുതിർത്ത് ഒരേ നീളത്തിൽ കീറിയെടുത്തായിരുന്നു ഓലകെട്ടുസമയത്ത് കഴുക്കോലുമായി ഓലയെ കെട്ടിയുറപ്പിക്കാൻ ഉപയോഗിച്ചിരുന്നത്. ഇതിന് 'കെട്ടുനാര്'' എന്നറിയപ്പെടുന്നു. ഉണങ്ങാനിട്ടിരിക്കുന്ന ഓലകളിൽ മഴവെള്ളം വീണാൽ അതിന്റെ ഗുണം കുറഞ്ഞതായി കണക്കാക്കിയിരുന്നു. പട്ടിയും, പൂച്ചയും, കളിക്കുന്ന കുട്ടികളും ഉണങ്ങാനിട്ടിരിക്കുന്ന ഓലയിലൂടെ ഓടിയാൽ വീട്ടിലെ മുതിർന്നവർ വടിയെടുക്കും. അത്രയ്ക്കും സൂക്ഷ്മതയോടെയായിരുന്നു പച്ച ഓലകൾ ഉണക്കിയെടുത്തിരുന്നത്. ഉണങ്ങിയ ഓലകൾ അടിമടൽ ചേർത്ത് വെട്ടിക്കളഞ്ഞശേഷം രണ്ട് തെങ്ങുകളുടെ ഇടയിൽ കെട്ടിവെച്ച 'കഴ'കളിൽ തലകീഴായി തൂക്കിച്ചാരി നിർത്തുന്നു. തലകീഴായി അടുക്കുന്നതിന് കാരണം മഴപെയ്താലും ഓലപ്പൊളികളിൽ വെള്ളം വീണ് ഓലകൾ ദ്രവിച്ച് പോകാതിരിക്കാൻ വേണ്ടിയായിരുന്നു.

ഓലകീറൽ എന്നതാണ് അടുത്ത ഘട്ടം. വീട്ടിലെ ചായ്പ്പിലുള്ള കാർഷികോപകരണങ്ങളായ കുന്താലി, മൺവെട്ടി, പിക്ക്ആക്സ്, കമ്പിപ്പാര, കലപ്പ, മരമടിപ്പലക, വക്കാണി, നുകം, കോടാലി, നെല്ലറുപ്പുകത്തി (അരിവാൾ), പുല്ലറുപ്പുകത്തി (ചെറിയ അരിവാൾ) എന്നിവയോടൊപ്പം നല്ല വായ്ത്തലമൂർച്ചയും 'പടുതി'യുമുള്ള ഉരുക്ക് വെട്ടുകത്തിയും സൂക്ഷിച്ചിരുന്നു. പിടിയിൽ നിന്ന് മുൻഭാഗത്തേക്ക് ഭാരം കൂടിയതും അൽപം മുന്നിലേക്ക് വളഞ്ഞതുമായ വെട്ടുകത്തികൾ ആയിരുന്നു ഓലകീറാനായി ഉപയോഗിച്ചിരുന്നത്. സ്ഥിരമായി ഓലകീറുന്നതിന് മാത്രം ഉപയോഗിക്കുന്നതിനാൽത്തന്നെ അവയുടെ വായ്ത്തല വജ്രംപോലെ മൂർച്ചയിൽ തിളങ്ങിയിരുന്നു. വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ കാലോ കൈയ്യോ അറ്റുപോകാൻ മാത്രം മൂർച്ചയുള്ള ഇത്തരം വെട്ടുകത്തിയുപയോഗിച്ച് ഉണങ്ങിയ ഓലകൾ ഓരോന്നായി നെടുകേ പിളർക്കുകയാണ് ആദ്യമായി ചെയ്യുന്നത്.

ഓലയുടെ തുമ്പ് (തുമ്പോല) രണ്ടര-മൂന്ന് അടിയോളം വെട്ടിക്ക

ളഞ്ഞതിന് ശേഷം വളരെ സൂക്ഷ്മ തയോടെ ഒരുമടൽ ഓല ആദ്യം കീറിയെടുക്കുന്നു. പിന്നീട് അതിൽ ഓരോ കീറിൽ നിന്നും മടൽപ്പൊളി (മടൽപ്ലാച്ചി) ചീകിമാറ്റി മടലിന്റെ കനം കുറക്കുന്നു. വെട്ടിമാറ്റിയ തുമ്പോല കൂട്ടിക്കെട്ടി ഒരു വർഷത്തോളം സൂക്ഷിക്കാറുണ്ട്. രാത്രി യാത്രകളിൽ 'ചൂട്ടുകറ്റ'കളായി അവ ഉപയോഗിച്ചിരുന്നു. ചീകിയിട്ട മടൽപ്പൊളികൾ നല്ല ഒന്നാംതരം അടുപ്പ് വിറകായി ഉപയോഗിച്ചിരുന്നു. മടൽ ചീന്തുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ നഖത്തിനിടയിൽ 'ആര്' കുത്തിക്കയറാൻ സാധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ അവിടം പഴുത്തുപൊട്ടുക തന്നെയായിരുന്നു ഫലം. അപകടസാധ്യത കൂടിയ ജോലിയായതിനാലായിരിക്കണം ഇത് പരിചയസമ്പന്നരായവർ മാത്രം ചെയ്തിരുന്നു.

കീറിയിട്ട ഓലകൾ കുതിർത്ത് എടുക്കുക എന്നതാണ് അടുത്ത ഘട്ടം. രണ്ട് രീതിയിലായിരുന്നു ഓല കുതിർത്തത്. കിണറിന് സമീപത്തായി ഒരു താൽക്കാലിക ചാലുകീറി ഓല മലർത്തി ഒന്നിനുമീതെ ഒന്നായി അടുക്കി അതിൽ വെള്ളം തളിച്ചശേഷം ഒരു പച്ചഓല അതിനുമുകളിൽ കമഴ്ത്തിയിടുന്നു. ദിവസത്തിൽ രണ്ടുമൂന്നു തവണ വെള്ളം തളിച്ചുകൊടുക്കാറുണ്ട്.പരമാവധി മൂന്നുദിവസം ഈ പ്രക്രിയ തുടർന്നാൽ ഓല കുതിർന്നുകിട്ടും. എന്നാൽ മറ്റു സാഹചര്യങ്ങൾ ഒന്നും ഇല്ലെങ്കിൽ മാത്രമേ ഇത്തരത്തിൽ ഓല കുതിർത്തിരുന്നുള്ളൂ. കാരണം ഇങ്ങനെ കുതിർത്തെടുക്കുന്ന ഓലകൾക്ക് മെടയുന്ന ഘട്ടത്തിൽ മയം കുറവായിരിക്കും. അതിലുപരി അവ എളുപ്പം ദ്രവിച്ചു പോകാനുള്ള സാധ്യതയുമുണ്ട്.

സാധാരണഗതിയിൽ ഓല കുതിർക്കുന്നത് തോടുകളിൽ ആയിരുന്നു. വാഴപ്പണകൾക്കിടയിൽ കെട്ടിനിർത്തിയ വെള്ളത്തിൽ ഓലകൾ ഒന്നിനുമുകളിൽ മറ്റൊന്ന് എന്ന നിലയിൽ മലർത്തി അടുക്കിത്താഴ്ത്തുന്നു. ഇപ്രകാരം വെള്ളത്തിൽ പൂർണ്ണമായും താഴ്ത്തിയിട്ട ഓലകൾക്കു മുകളിൽ ഭാരമുള്ള തടിയോ വാഴപ്പിണ്ടിയോ വെക്കുന്നു. പരമാവധി രണ്ടുദിവസമാണ് ഇപ്രകാരം കുതിർക്കാനിടുന്നത്. അല്ലെങ്കിൽ ഓല അഴുകിപ്പോകാൻ സാധ്യതയുണ്ട്. ഇപ്രകാരം കുതിർത്തെടുക്കുന്ന ഓലയ്ക്ക് മയവും ഈടും ഗുണവും കൂടുതലായിരുന്നു. നല്ല കറുത്ത നിറത്തിലായിരുന്നു അവ പുറത്തെടുക്കുക. അതിലുള്ള ചെളിയും മറ്റും കഴുകിക്കളഞ്ഞശേഷം വലിച്ചു കരയിൽ കയറ്റിയിടുന്നു. ഓലയിലെ 'പുളി' മുഴുവൻ പോകുന്നു എന്നതാണ് ഇതിന്റെ മറ്റൊരു ഗുണം. മെടയുന്ന സമയത്ത് ഓലക്കാലുകൾ എളുപ്പം നിവർന്ന് നല്ല ഞെരുക്കത്തിൽ മെടഞ്ഞെടുക്കാനും സാധിക്കുന്നു. നല്ല നിലപ്പുള്ള സ്ഥലത്ത് ചെറിയ ഈർപ്പത്തോടെ ഓലകൾ മെടയാൻ ആരംഭിക്കുന്നു.

ഓലമെടയൽ യഥാർത്ഥത്തിൽ ഒരു കലതന്നെയാണ്. ചിലർക്ക് എത്ര വർഷങ്ങൾ ഓലമെടഞ്ഞാലും ഭംഗിയായി ചെയ്യാൻ കഴിയാറില്ല എന്നതിൽ നിന്നുതന്നെ അതിനുള്ള അർപ്പണമനോഭാവം എത്രത്തോളം വേണ്ടതാണ് എന്ന് മനസ്സിലാക്കാം. കുതിർത്ത് കരയിലിട്ട ഓലയിൽ നിന്നും ഏറ്റവും നല്ല ഒരു കീറ് തെരഞ്ഞെടുത്ത് 'അമ്പോല' മുറിച്ചെടുക്കുകയാണ് ആദ്യമായി ചെയ്യുന്നത്. മെടയുന്ന ഘട്ടത്തിൽ ഏതെങ്കിലും ഓലകൾ ദ്രവിച്ചതോ കീറിയതോ മറ്റോ ആണെങ്കിൽ അവിടെ അമ്പോലകൾ തിരുകിക്കയറ്റിയാണ് മെടയുക. അടിവശം അമ്പുപോലെ കൂർപ്പിച്ച് അറുത്തെടുക്കുന്ന ഓലക്കാലുകൾക്ക് പറയുന്ന പേരാണ് അമ്പോല. ചില ഓല





കൾക്ക് ഓലക്കാലുകൾ തമ്മിലുള്ള അകലം (വാരം) കൂടുതലായിരിക്കും. അങ്ങനെയുള്ളപ്പോൾ വിടവ് വരാതിരിക്കാനായി അവയ്ക്കിടയിൽ അമ്പോല വെച്ച് മെടയുന്നു. എന്നാൽ ചില ഓലകൾക്ക് ഓലക്കാലുകൾ തമ്മിലുള്ള അകലം വളരെ കുറഞ്ഞ് ഞെരുക്കം കൂടിയിരിക്കും. ഇത്തരം ഓലകൾ മെടയാൻ ബുദ്ധിമുട്ടായതിനാൽ രണ്ട് ഓലക്കാലുകൾ ചേർത്ത് ഒറ്റയാക്കി മെടയുന്നു. ഓലക്കാലുകൾ ഉരിഞ്ഞുകളയുന്നത് നല്ല മെടയലിന്റെ ലക്ഷണമായിരുന്നില്ല. സ്വഭാവികമായും അഞ്ചോ ആറോ അമ്പോലകൾ ഒരു കീറ് ഓലമെടയാൻ വേണ്ടിവരാറുണ്ട്.

ഓല മെടയുന്നതിന് മൂന്ന് ഘടകങ്ങളുണ്ട്. അവ യഥാക്രമം ഒരൊടിപ്പ്, രണ്ടൊടിപ്പ്, മൂന്നൊടിപ്പും തലയണയ്ക്കലും എന്നിവയാണ്. ഇതിൽ ഒന്നും രണ്ടും ഒടിപ്പുകൾ തുടക്കക്കാരും കുട്ടികളും ചെയ്യുമ്പോൾ മൂന്നാമത്തെ ഒടിക്കലും തലയണപ്പും (Finishing Work) പ്രാഗത്ഭ്യമുള്ളവർ മാത്രം ചെയ്യുന്നു. സാധാരണയായി മൂന്നുംകൂടി ഒരാൾ തന്നെ ചെയ്യും. വലിയ വീടുകളിലും മറ്റും ഓലമെടയാൻ പ്രത്യേകം കൂലിക്കാരെയും ഏർപ്പാടാക്കിയിരുന്നു. ഓലക്കടച്ചവടക്കാർ സ്ഥിരമായി കൂലിക്ക് മെടയുന്നവരെ ഏർപ്പാടാക്കിയിരുന്നു. ഗ്രാമങ്ങളിലെ ഒരു പ്രധാന തൊഴിൽ കൂടിയായിരുന്നു ഓലമെടയൽ. കായികാധ്വാനം അൽപം കുറവായതിനാൽ തന്നെ സ്ത്രീകളും പ്രായമായ പുരുഷന്മാരുമായിരുന്നു കൂടുതലും ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. ക്ഷമയും സഹിഷ്ണുതയും അങ്ങേയറ്റം വേണ്ടുന്ന ഒന്നായിരുന്നു ഓലമെടയൽ. ചിലർ ഒരു ദിവസം തന്നെ അറുപതും എഴുപതും വരെ കീറ് ഓലകൾ മെടയാറുണ്ട്. നല്ല ഭംഗിയായി ഓലമെടയുന്നവർക്ക് ആണ്ടിൽ എല്ലാക്കാലത്തും ജോലി ലഭിച്ചിരുന്നു. സമൂഹം അവർക്ക് തൊഴിൽ വൈദഗ്ധ്യത്തിനുള്ള അംഗീകാരം എന്ന നിലയിൽ ഒരു പ്രത്യേക പരിഗണനയും നൽകിയിരുന്നു. അവർ മെടയുന്ന ഓലക്ക് ആവശ്യക്കാരും കൂടുതലായിരുന്നു.

ഇപ്രകാരം മെടഞ്ഞെടുക്കുന്ന ഓലകൾ വെയിലത്ത് ചിക്കി ഉണക്കുന്നു. മഴനനയാതെ മൂന്നോ നാലോ ദിവസം തിരിച്ചും മറിച്ചും ഉണക്കിയെടുക്കുന്ന ഓരോ കീറ് ഓലയും അടുത്ത പുരമേയലിന് (ഓലകെട്ടെന്ന് തെക്കൻ കേരളത്തിൽ) അടുക്കി സൂക്ഷിക്കുകയാണ് അടുത്തപടി. ഓലപ്പുര (ഷെഡ്) കെട്ടി അതിനുള്ളിൽ രണ്ടര അടിയോളം പൊക്കത്തിൽ കാൽ നാട്ടി അതിനു മുകളിൽ തട്ടൊരുക്കി അതിലായിരുന്നു ഓലകൾ ക്രമമായി അടുക്കിയിരുന്നത്. ഇരുവശത്തുനിന്നും ഓലയുടെ തുമ്പുകൾ അഭിമുഖമാക്കി അടുക്കടുക്കായി പത്ത് അടിയിലേറെ പൊക്കത്തിൽ അടുക്കാൻ സാധിക്കുന്നു. ചിതൽ മുതലായവ കയറാതിരിക്കാൻ തട്ടിനടിയിൽ കരിഓയിൽ പുരട്ടിക്കൊടുക്കുന്നു. ഒരു വർഷത്തിൽ കൂടുതൽ തട്ടിൽ ഓലകൾ സൂക്ഷിക്കാറില്ല. രണ്ടാഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ അടുക്കിയ ഓലകൾ ഒന്നുകൂടി പൊളിച്ചടുക്കാറുണ്ട്. ഇതിലൂടെ ചെറിയ

പാമ്പുകളായ ചുരുട്ട, എട്ടടിവീരൻ, എലി, പാറ്റ മുതലായ ജീവികളുടെ കുടിയേറ്റം തടയാൻ സാധിക്കുന്നു.

ചിലപ്പോൾ ഷെഡിനകത്തല്ലാതെ തുറസ്സായ സ്ഥലത്തും ഓലകൾ അടുക്കാറുണ്ട്. ഇതിനായി ആദ്യം മൂന്നടിയിലധികം ഉയരത്തിൽ ബലമുള്ള കാലുകൾ നാട്ടി സമചതുരാകൃതിയിൽ ഒരു തട്ടുണ്ടാക്കുന്നു. ഇത്തരം തട്ടുകൾക്ക് 'ഓലപ്പന്തൽ' എന്നുപറയുന്നു. പത്തുകീറ് ഓലകൾ ഒരുവശത്ത് ഒന്നിച്ച് കമഴ്ത്തി അടുക്കുന്നു. അതിന് വലതുവശത്ത് അടുത്ത പത്തുകീറ്, അതിനും വലത്ത് വീണ്ടും പത്ത് കീറ് എന്നിങ്ങനെ ക്രമത്തിൽ ഒരു ചതുരം പൂർത്തിയാക്കുന്നു. ഇപ്രകാരം പത്ത് കീറ് ഓലകൾ വീതം ഒരു ചതുരം പൂർത്തിയാക്കുമ്പോൾ ഇരുപത് മടൽ ഓലയായി (40 കീറ് = 20 മടൽ) ഇങ്ങനെ ലംബമായി ക്രമേണ അടുക്കിക്കയറ്റുന്നു. വെയില നേരിട്ട് ലഭിക്കുന്നതിനാൽ ഓലപ്പന്തൽ ഇടക്കിടെ പൊളിച്ച് അടുക്കേണ്ടതില്ല. മഴപെയ്താൽ വെള്ളം ഉള്ളിലേക്ക് ഇറങ്ങാതിരിക്കാനായി ഏറ്റവും മുകളിൽ വയ്ക്കുന്ന ഓലകൾ മലർത്തി അടുക്കുന്നു. മഴവെള്ളം നടുക്കുള്ള ചതുരഭാഗത്ത് വീണ് പുറത്തേക്ക് ഒഴുകിപ്പോകും. ഇപ്രകാരം മൂന്നും നാലും ഓലപ്പന്തലുകൾ വലിയ വീടുകളുടെ മുറ്റത്തിന് വടക്കായി കാണുന്നു. എലി, ചിതൽ, പാമ്പ് മുതലായ ജീവികളുടെ ആക്രമണം ഓലപ്പന്തലുകളിൽ ഉണ്ടാകാറില്ല.

### ഓലകെട്ട്:

വേനൽക്കാലാവസാനത്തിനു മുൻപ് തന്നെ ഗ്രാമത്തിലെ വീടുകളെല്ലാം ഓലകെട്ടലിന് വിധേയമാകുന്നു. ഈ സമയം പുരുഷന്മാരിൽ മിക്കവരുടെയും പ്രധാന തൊഴിൽ ഓലകെട്ടാണ്. തേങ്ങയിടൽ, കൊയ്ത്ത് മുതലായ തൊഴിലുകളെ അപേക്ഷിച്ച് കൂലിയായി പണം ലഭിക്കുന്നു എന്നതാണ് ഓലകെട്ടിനുള്ള ഒരു മെച്ചം. ഓലമെടയൽ പോലെ തന്നെ ഓലകെട്ടും ക്ഷമയും ഒപ്പം കലയും ഒന്നുചേരുന്നതാണ്. പ്രഗത്ഭരായ ഓലകെട്ടുകാരുടെ നേതൃത്വത്തിലായിരുന്നു ഓരോ വീടും കെട്ടി മേഞ്ഞിരുന്നത്. മുന്നൂറ് മടലിന് മുകളിൽ ഓലവേണ്ടിവരുന്ന വീടുകൾ മേയാൻ സാധാരണഗതിയിൽ അഞ്ചുപേർ വേണമായിരുന്നു. കൂടാതെ ഗൃഹനാഥനും കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ കുടുംബാംഗങ്ങളും ഓലകെട്ടിൽ സഹായിച്ചിരുന്നു. രണ്ട് പേർ താഴെനിന്ന് ഓല 'ചൂണ്ടി'ക്കൊടുക്കാനും (മുകളിലേക്ക് എറിഞ്ഞുകൊടുക്കുക) മൂന്നുപേർ മുകളിൽ ഓലകെട്ടാനും കയറും. നേരത്തെ സൂചിപ്പിച്ചതുപോലെ ആദ്യം രണ്ടുപേർ മുകളിൽ (പുരപ്പുറത്ത്) കയറി പഴയ ഓല ഒടിഞ്ഞു പൊടിഞ്ഞുപോകാതെ പൊളിച്ച് താഴെയിറക്കുന്നു. അതിൽ നിന്നും കൊള്ളാവുന്നവ പൊടിതട്ടി മാറ്റിയടുക്കിയശേഷം ബാക്കിയുള്ളവ മറ്റൊരിടത്ത് കൂട്ടിയിടും. പിന്നീട് മേൽക്കൂര മുഴുവൻ ചൂലുകൊണ്ട് അടിച്ചുവൃത്തിയാക്കി ചിതൽനാശിനിയും ഉറുമ്പ് പൊടിയും മറ്റും പുരട്ടി വൃത്തിയാക്കുന്നു. ഓലപ്പന്തലിൽ നിന്നും ഏറ്റവും വീതിയും നീളവുമുള്ള ഓലകൾ തെരഞ്ഞെടുത്ത് 'അടിവാരി' കെട്ടാനായി ഉപയോഗിക്കുന്നു. പഴയതും കൂടി ചേർത്ത് കെട്ടാനുപയോഗിക്കുന്ന വീടിനും അടിവാരികെട്ടാൻ രണ്ടും പുത്തൻ തന്നെ ഉപയോഗിക്കും.

ഓരോ വാരിയും ഇടതുവശത്തുനിന്നും വലതുവശത്തേക്ക് ഒന്നിന് മുകളിലേക്ക് അടുത്ത ഓല ഒരടിവീതം കയറ്റിയാണ് കെട്ടുന്നത്.



എല്ലാവാരിയും കൂരയുടെ മുകളറ്റം വരെ ഇതേ രീതിയിൽ തന്നെ കെട്ടണം. ഈ ക്രമം ഒരു വാരിയിലെങ്കിലും തെറ്റിപ്പോയാൽ മഴയത്ത് ആ ഭാഗത്ത് ചോർച്ചയുണ്ടാകും. ഓലകെട്ടിലുണ്ടാകുന്ന ഈ തെറ്റിന് 'പോറ്' എന്നറിയപ്പെടുന്നു. അതിനാൽതന്നെ പോറ് ഒഴിവാക്കി ഓലകെട്ടേണ്ടത് പണിക്കാരുടെ ഉത്തരവാദിത്തമാണ്. ഓലകെട്ടിന് ശേഷം തുലാമഴയത്ത് ചോർച്ച സാധാരണയാണ്. അന്നേരം പുതിയ ഒരു കീറ് ഓല ആ ഭാഗത്ത് ഇളക്കി തിരുകിക്കയറ്റാറുണ്ട്. ഇതിന് 'ഊടുവലിക്കൽ' എന്നു പറയുന്നു.

ഓരോ വാരി ഓലയും നേരത്തേ കീറി കുതിർത്ത് ഉണക്കി മയപ്പെടുത്തി സൂക്ഷിച്ചിരിക്കുന്ന വാഴതയുടെ കെട്ടുനാരുകൾ ഉപയോഗിച്ച് കഴുക്കോലിനോട് പിരിച്ചുകയക്കി കെട്ടിയുറപ്പിക്കുന്നു. അടിവാരിയും (ഇറമ്പ്) ഏറ്റവും മുകളിലെ വാരിയും (കമിഴ്ത്തോല) പൊതിയലും ഒഴികെ ബാക്കിയെല്ലാ വാരിയും ഓല മലർത്തിയാണ് കെട്ടുന്നത്. പുത്തൻ അടിയിലും പഴയത് മുകളിലുമായി കെട്ടുന്നതിനാൽ വീടിനുള്ളിൽ നിന്ന് നോക്കുമ്പോൾ പുത്തൻ ഓല മാത്രമേ കാണാൻ കഴിയുകയുള്ളൂ. മേൽക്കൂര ചതുരാകൃതിയിൽ ആരൂഢത്തിൽ നിന്നും നാലുവശത്തേക്കും ആയതിനാൽ തന്നെ ഓലകെട്ടിൽ നാലുകോടികളും (വശങ്ങൾ) ഒടിച്ചുകെട്ടുകയാണ് ചെയ്യുന്നത്. ഒരു കോടി മുകളറ്റം വരെ കെട്ടിത്തീർന്നതിനു ശേഷം മാത്രമേ മറുവശം കെട്ടിക്കയറുകയുള്ളൂ. ഇപ്രകാരം നാലുകോടികളും ഒടിച്ചുമടക്കിക്കെട്ടി ഒടുവിൽ പുരയുടെ ആരൂഢത്തിനു മുകളിൽ എത്തിക്കഴിഞ്ഞാൽ ഇരുവശത്തും (പൂമുഖ വശവും അടുക്കളവശവും) രണ്ടു പുത്തൻ ഓലകൾ വീതം കമഴ്ത്തി ചേർത്ത് കെട്ടുന്നു. ഇതിന് 'കമഴ്ത്തൽ' എന്നു പറയുന്നു. ഇവയ്ക്കു മുകളിൽ ഏറ്റവും നല്ലതും വീതിയും നീളവുമുള്ള ഓലക്കീറുകൾ ആദ്യം അടുക്കളവശത്തുനിന്നും പൂമുഖഭാഗത്തേക്ക് ഉന്തുവരത്തക്കവണ്ണവും അതിനു മുകളിൽ തിരിച്ചും ഭംഗിയായി പൊതിഞ്ഞുകെട്ടുന്നു. ഈ പ്രക്രിയയ്ക്ക് പൊതിയൽ എന്നുപറയുന്നു. പൊതിഞ്ഞ ഓലകൾ ബലപ്പെടുത്താനായി 'സൂചി' കുത്തുകയാണ് ഏറ്റവും ഒടുവിലത്തേതും ഏറ്റവും ശ്രമകരവുമായ ദൗത്യം. പണിക്കാരിൽ ഏറ്റവും പരിചയസമ്പന്നരായ ആളായിരിക്കും സൂചി കുത്തുക.

താഴെ നിന്നും മറ്റുള്ളവർ അലക്ക് (കമുകിന്റെ കീറ്) രണ്ടരയടിയോളം നീളത്തിൽ ചെത്തിയെടുത്ത് ഒരറ്റം കൂർപ്പിച്ചത് (സൂചി) അഞ്ചോ ഏഴോ ഒൻപതോ (വീടിന്റെ മോന്തായത്തിന്റെ നീളത്തിനനുസരിച്ച്) ഒരു ചല്ലിക്കയർ ചുറ്റി മുകളിലേക്ക് എറിഞ്ഞുകൊടുക്കുന്നു. മോന്തായത്തിലൂടെ പൊതിഞ്ഞ ഓലകൾ ചേർത്ത് വലതുവശത്തു നിന്നും അലകിന്റെ സൂചികൾ കുത്തി ചല്ലിക്കയർ പിരിച്ചുകെട്ടി ബലപ്പെടുത്തുന്നു. കെട്ടിയ ഓലക്ക് മുകളിൽ പുരയുടെ മുകളിൽ വാട്ടിയ പച്ച ഓലയോ തടിയോ നീളത്തിൽ താഴേക്കിട്ട് സൂചിയുമായി കെട്ടി ബലപ്പിക്കുന്നു. ഓലകൾ കാറ്റടിച്ച് പൊങ്ങാതിരിക്കാനായി ഇടുന്ന ഇത്തരം വസ്തുക്കൾ 'കാറ്റാടി' എന്നറിയപ്പെടുന്നു. സ്കൂളുകളും വലിയ ഷെഡുകളും മറ്റും കാറ്റാടി ഇടുന്നതിനു പകരം ചെറിയ മുളം പട്ടികകൾ നെടുകെയും കുറുകെയുമായി വരത്തക്കവണ്ണം പുരയുടെ മുകളിൽ 45 ഡിഗ്രി ചരിവിൽ കെട്ടി ഉറപ്പിക്കുകയാണ് ചെയ്യാറ്. ഇവ ദൂരെ നിന്ന് കാണാൻ നല്ല ഭംഗിയായിരിക്കും. ഇതോടെ ഓലകെട്ട് കഴിഞ്ഞു. ഏറ്റവും ഒടുവിലായി അടിവാരി (ഇറമ്പ്)യുടെ തുമ്പ് മൂർച്ചയുള്ള കത്തികൊണ്ട് നീളമുള്ള പട്ടികകൾ മുകളിലും താഴെയുമായി ചേർത്ത് പിടിച്ച് അറുത്തുമാറ്റുന്നു. അറുത്തുമാറ്റിയ ഇറമ്പ് ഓലകൾ തറയിലിട്ട് ചവിട്ടാൻ ഇടവരാതെ ദൂരെയുള്ള പ്ലാവിന്റെ ചുവട്ടിൽ കൊണ്ടിടുന്നതോടെ ഒരു വർഷത്തെ ഓലകെട്ട് പൂർത്തിയായി.

ഓലകെട്ട് ഒരു കുടുംബത്തിന്റെ ഒരുവർഷത്തെ തയ്യാറെടുപ്പിന്റെ പരിസമാപ്തിയായതിനാൽത്തന്നെ അത് ഒരു ആഘോഷം തന്നെയായിരുന്നു. ഓലകെട്ട് കഴിയുന്നതോടെ പൂമുഖം മാത്രം ആദ്യം നല്ലതുപോലെ തൂത്ത് തുടച്ച് വൃത്തിയാക്കി വെള്ളം കുടഞ്ഞ് പുരമേഞ്ഞവർക്കും ഗൃഹനാഥനും വിഭവസമൃദ്ധമായ ഊണ് വിളമ്പുന്നു. ഊണിനുള്ള വിഭവങ്ങൾ വീടിനുപുറത്ത് പ്രത്യേകം തയ്യാറാക്കിയ ഇടത്തായിരുന്നു ഒരുക്കിയിരുന്നത്. ചോറ്, പപ്പടം, അച്ചാറ്, പുളിശ്ശേരി, സാമ്പാറ് എന്നിവയെക്കൂടാതെ പ്രത്യേക വിഭവം എന്ന രീതിയിൽ ചക്ക ഉടച്ച് കറി (എരിശ്ശേരി) നിർബന്ധമായിരുന്നു. ഒടുവിൽ പായസവും കൂട്ടി ഊണ് കഴിച്ച് എണീക്കുന്നതോടെ പുരമേയൽ പൂർത്തിയാകുന്നു. പിറ്റേന്നാൾ മുതൽ അടുത്ത വർഷത്തേക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങുകയായി. പുതുതായി ഓലകെട്ടി മേഞ്ഞ വീടിനുള്ളിലെ പുതുമണം പഴയ തലമുറയിലുള്ളവർക്ക് ഒരിക്കലും മറക്കാനാവില്ല. അതൊരു ഗൃഹാതുരതയുടെ ഓർമ്മപ്പെടുത്തലാകുന്നു.

"ഓലമെടയലുംപുരമേയലും : ഒരു ഗ്രാമീണ നിറവിന്റെ ഓർമ്മ" എന്ന ലേഖനം കഴിഞ്ഞ ലക്കത്തിൽ ലേഖകന്റെ പേര് തെറ്റായി രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. ഇത്തരം ഒരു തെറ്റ് സംഭവിച്ചതിൽ ഖേദിക്കുന്നു. തെറ്റ് തിരുത്തി ലേഖനം പുനഃപ്രസിദ്ധീകരിക്കുന്നു.

**എഡിറ്റർ**

**ഡോ. രമ്യ ആർ.**
എസ്.എൻ. കോളേജ് ഫോർ വിമൻ, കൊല്ലം

# നിത്യകന്യകയ്ക്ക് പറയുവാനുള്ളത്

മിഴിയിലെ മഷിക്കറുപ്പിൽ
അഗ്നിയുടെ കനലാഴമൊളിപ്പിച്ച്
നിലാവ് പോലെ പുഞ്ചിരിക്കുന്നവളെ
പരിചയമില്ലെന്ന് നടിക്കാൻ വരട്ടെ.
ആൾക്കൂട്ടത്തിനിടയിലും ആരവങ്ങൾക്കു നടുവിലും
നിങ്ങളെ പിന്തുടർന്നിരുന്ന പിൻവിളി
അവളുടേതു മാത്രമായിരുന്നില്ലേ?
മൗനം മഴപോൽ ആർദ്രമാണെന്ന് പറഞ്ഞവൾ!
മഴതോർന്നാലും
തോരാനാകാത്ത മരങ്ങളെപ്പോൽ
മൗനത്തിന്റെ ചില്ലയിൽ
വാചാലമായ ഓർമ്മകൾ ചിതറി-
ത്തെറിപ്പിച്ചങ്ങനെ നിറഞ്ഞു പെയ്തവൾ!
തരിവളക്കിലുക്കങ്ങളിൽ കുസൃതിയും
കിനാവും കുടഞ്ഞെറിഞ്ഞുകൊണ്ട്
നിങ്ങളുമായി പ്രണയം പകുത്തവൾ
വസന്തവും വർഷവും അകലെയല്ലെന്ന
പ്രത്യാശയാൽ നിത്യവും
അതിജീവനത്തിന്റെ
അഭയമന്ത്രം തീർത്തവൾ!
പറയാത്ത മൊഴികളുടെ കടലാഴത്തിലേക്ക്
പറയാൻ കരുതിയവയൊക്കെയും
എറിഞ്ഞുടച്ചവളുടെ കിനാവുകൾക്കും
നിറമുണ്ടാകുമെന്ന് ഒരു വേളയെങ്കിലും
നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ.
പോക്കുവെയിലും നിറനിലാവും ചേർന്ന്
മിഴിവാർന്ന സായാഹ്നത്തിൽ
മൂവന്തിച്ചോപ്പിലലിഞ്ഞ്
ഇരുണ്ടും തെളിഞ്ഞുമങ്ങനെ....
കാതങ്ങൾ താണ്ടി,
സ്വപ്നം പൂക്കുന്ന തുരുത്തിലേക്ക്
നിത്യകന്യകമാരിൽ അവളേയും
പ്രാണനിലേക്ക് ചേർത്തുപിടിച്ച്
പിൻതിരിയാതെ എന്നാണിനി
നിങ്ങൾ നടന്നു നീങ്ങുക?
അവൾ കാതോർക്കുന്നുണ്ട്
നിങ്ങളിൽ നിന്നും അവളിലേക്ക്
അറിയാതെ ഇറ്റുവീഴേണ്ടുന്ന
ചില സ്നേഹമൊഴികളുണ്ടത്രേ.
വാത്സല്യവും ആർദ്രതയും പ്രണയവും
വേർതിരിക്കുന്നതിൻ മുൻപേ അലിഞ്ഞുചേർന്നവ
അക്ഷയതേജസ്സാർന്ന കിരണങ്ങൾ
പോലെ ആർദ്രമായവ.
പ്രിയതരമായൊരു സ്വപ്നം പോൽ
പ്രാണനിലേക്ക് പടരാൻ പര്യാപ്തമായവ
സ്നിഗ്ധമായ അഭയമന്ത്രം പോൽ
ആത്മാവിനെ ഗാഢമായി പുണരുന്നവ
മിഴാവ്പോൽ മുഴങ്ങുന്നവ...
ഇവയിലൊന്നിനാൽ നിങ്ങൾ അവൾക്കുമേൽ
രസരാസ ബന്ധനം തീർക്കുക
അവൾ കാത്തുനിൽപ്പുണ്ട്
ഇന്നിന്റെ ആകുലതകളെ
എറിഞ്ഞുടച്ചുകൊണ്ട്
പൂത്തുലഞ്ഞു നിൽക്കുന്ന
ഗുൽമോഹർപോലെ തുടുത്ത
പ്രഭാതങ്ങൾക്കായുള്ള പ്രതീക്ഷയോടെ..........
നിങ്ങൾ മത്സരാർത്ഥിയോ, ഉദ്യോഗസ്ഥനോ
യാചകനോ രാജാവോ ആയിക്കോളൂ
നിങ്ങളുടെ മനസ്സിന്റെ കാടകം
പൂക്കുന്നതും കായ്ക്കുന്നതും
വസന്തങ്ങൾ തീർക്കുന്നതും
വർഷമായ് പെയ്യുന്നതും
അവൾക്കല്ലാതെ മറ്റാർക്കാണ്
തിരിച്ചറിയാനാവുക?
ഏതു ഭതുഭേദത്താലാണ്
നിങ്ങളെ അവൾ അടയാളപ്പെടുത്തുക.
അവളുടെ കളങ്കമിയന്നസ്നേഹത്തിനും
ആയിരം നാവുള്ള മറുമൊഴികൾക്കും
നിശബ്ദമായ പിൻവിളികൾക്കും
മടുപ്പൊഴിഞ്ഞ കാത്തിരിപ്പുകൾക്കും
ഇടയിലെത്ര നിങ്ങളുടെ
സ്വപ്നവും സ്വർഗ്ഗവും പുലരുക.

**പ്രതിഭാപോൾ**
ക്രിസ്ത്യൻകോളേജ്, കാട്ടാക്കട

# പെണ്ണ്



പുഴപോലെ...
പുഴകടന്നാൽ കാട്
കാടിനപ്പുറം അതിരുകാക്കുന്ന കടൽ
കടലിനപ്പുറം ആകാശം.

ആകാശത്തിന്റെ നെറുകയിലെ സിന്ദൂരപ്പൊട്ട്
കാട്ടിലും പുഴയിലും നിന്നാൽ കാണാം.
അത് കടലിലേക്ക് ചാഞ്ഞിറങ്ങി മരിക്കുന്നത്
കാണാനത്രേ ഏറെ ഭംഗി.

പുഴപോലെ ഒഴുകണം!
വെള്ളാരം കല്ലിലൂടെ
പാറയിലൂടെ
കാട്ടുവേരുകളിലൂടെ
ചെമ്പല്ലിയേയും വറ്റയേയും കുളിപ്പിച്ച്
പൊന്മാനിന്റെ ചിറകിൽ വെള്ളം ചിതറിച്ച്
ചിലപ്പോ കുത്തനെ കീഴ്പ്പോട്ട് ചാടിയും
ചിലപ്പോ പാമ്പുപോലിഴഞ്ഞും
ചിലപ്പോ കരകളടർത്തി ആക്രോശിച്ച് കുത്തിപ്പാഞ്ഞും
ചിലപ്പോ ആകാശം കണ്ട് കിടന്നും...

അവളാണ്...
ഒഴുകുകയാണ്...
കടലാഴങ്ങളിലെ ഇരുട്ടിലേക്ക്
അവിടെയും പുഴയായ്ത്തന്നെ ഒഴുകും.

**രജനി ആർ.ആർ.**
കെ.എസ്.എം.ഡി.ബി. കോളേജ്, ശാസ്താംകോട്ട

# കീഴാള സ്വത്വബോധാവിഷ്കാരം ജയ്ഭീമിൽ

കല - സംസ്കാരം- രാഷ്ട്രീയം- മിത്ത് തുടങ്ങിയ ബഹുഘടകങ്ങളുടെ സമന്വയമാണ് സിനിമ. പാശ്ചാത്യനാടുകളിൽ ചലിക്കുന്ന ചിത്രങ്ങളുടെ സാധ്യതകൾ അന്വേഷിച്ച് കെണ്ടത്തിയ ലൂമിയർ സഹോദരൻമാരാണ് ഇന്നുവരെയും അറിയപ്പെടുന്ന ലോകസിനിമയുടെ പിതൃസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യനാടുമായുള്ള സമ്പർക്കം വഴി മറ്റ് സാഹിത്യ - സാംസ്കാരിക സങ്കേതങ്ങൾ പോലെ സിനിമയും ഇന്ത്യൻ മണ്ണിലെത്തി. പുരാണകഥകളുടെ പരിസരത്ത് നിന്നുകൊണ്ട് രൂപപ്പെട്ട ആദ്യകാല ഇന്ത്യൻ സിനിമ ശബ്ദ സങ്കലന വിദ്യയിലേക്കും സാമൂഹിക വിഷയങ്ങളിലേക്കും വികാസം പ്രാപിച്ചു. വ്യക്തി - സമൂഹം- ഭാഷ - ഭക്ഷണം തുടങ്ങി നിരവധി വിഷയങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് സാധാരണമനുഷ്യനിലേക്ക് ഇറങ്ങി വന്നപ്പോഴാണ് സിനിമ കൂടുതൽ ജനപ്രീതി നേടിയത്. സാമൂഹികവും സാംസ്കാരികവുമായ പരിണാമങ്ങൾ ജീവിതാവസ്ഥകളിലുണ്ടായ മാറ്റങ്ങൾ, ലിംഗബോധത്തിന്റെ വ്യത്യസ്ത കാഴ്ചപാടുകൾ എന്നിവയിൽ തുടങ്ങി നമ്മുടെ താളബോധത്തിന്റെ അന്തർധാരകൾ വരെ അന്വേഷിക്കുന്ന കലയാണ് സിനിമ. വിഷയങ്ങൾ സ്വീകരിക്കുന്നതിലും അത് കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിലും യാതൊരു ഭയവുമില്ലാത്ത ഒരു തലമുറയുടെ സിനിമ കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ദളിതരെന്നും കീഴാളരെന്നും ചരിത്രവും രേഖകളും അടയാളപ്പെടുത്തുന്ന ഇരുളർജന വിഭാഗത്തിന്റെ കഥ പറഞ്ഞ ജയ്ഭീം, മനുഷ്യന്റെ നിലനിൽപ്പിനെപോലും ബാധിക്കുന്ന തരത്തിലേക്ക് അവന്റെ ജാതി മാറുന്ന ഈ കാലഘട്ടത്തിലാണ് ഏറ്റവും പ്രസക്തമാകുന്നത്. ഭൂമിയുടെ യഥാർത്ഥ അവകാശികളിൽ ഒരു വിഭാഗമായ ഇരുളർ നേരിടുന്ന സാമൂഹിക - സാമ്പത്തിക-വിദ്യാഭ്യാസ പ്രതിസന്ധികളാണ് ജയ്ഭീം ചർച്ചചെയ്യുന്നത്.

കേരളത്തിലും, തമിഴ്നാട്ടിലും, കർണാടകത്തിലുമായി ജീവിക്കുന്ന ഇരുളർ എന്ന ആദിവാസി ജനതയുടെ ജീവിതപശ്ചാത്തലത്തെയും കമ്യൂണിസ്റ്റ് ആശയങ്ങളോട് ശക്തമായ അനുഭാവം പ്രകടിപ്പിച്ച, അവഗണനാവിഭാഗങ്ങൾക്ക് വേണ്ടി ശക്തിയുക്തം വാദിച്ച ജസ്റ്റിസ് കെ.ചന്ദ്രുവിന്റെയും ജിവിതത്തെയും സമന്വയിപ്പിച്ചുകൊണ്ട് ഠ.ഖ. ഏിമ്ലഹ നേതൃത്ത്വത്തിലൊരുങ്ങിയ തമിഴ് ചലചിത്രമാണ് ജയ്ഭീം. സൂര്യ, ലിജോമോൾ ജോസ്, കെ.മണികണ്ഠൻ, രജീഷ വിജയൻ, പ്രകാശ് രാജ് തുടങ്ങിയവർ കേന്ദ്രകഥാപാത്രങ്ങളാകുന്ന സിനിമയുടെ നിർമ്മാണം നിർവ്വഹിച്ചിരിക്കുന്നത്

സൂര്യ-ജ്യോതിക താരദമ്പതികളാണ് 1995 ൽ തമിഴ്നാട്ടിൽ നടന്ന യാഥാർത്ഥസംഭവത്തെ അടിസ്ഥാനെപ്പടുത്തിയാണ് ഈ സിനിമയുടെ കഥ ചിട്ടെപ്പടുത്തിയിരിക്കുന്നത്. ആഖ്യാതാവിന്റെ സ്ഥാനം വഹിക്കുന്ന ക്യാമറ മിഴിതുറക്കുന്നത് ഒരു കുടുംബത്തിന്റെ കാത്തിരിപ്പിലേക്കാണ്. കടലൂർ ജയിലിൽ നിന്നും ശിക്ഷ

കഴിഞ്ഞിറങ്ങുന്ന ഒരു കൂട്ടം മനുഷ്യരിൽ നിന്നും ജാതിയുടെ പേരിൽ വേർതിരിച്ച് നിർത്തുന്ന മനുഷ്യരുടെ മേൽ വിവിധ സ്റ്റേഷനുകളിലെ തെളിയിക്കപ്പെടാത്ത കേസുകൾ നിർബന്ധപൂർവ്വം ചുമത്തി, അവരെ കച്ചവട വസ്തുക്കളാക്കി കണ്ട് പണം സമ്പാദിക്കുന്ന അധി

കാരവ്യവസ്ഥയ്ക്ക് മുൻപിൽ കാഴ്ച്ചക്കാരായി നിൽക്കേണ്ടിവരുന്ന ജനതയുടെ ദയനീയമായ ചിത്രമാണ് സിനിമയുടെ ആദ്യരംഗത്ത് അവതരിപ്പിക്കുന്നത്. 'ഒരാളുടെ പേരിൽ ഒന്നിലധികം കേസ് വന്നു കൂടാ എന്ന് നിയമം വല്ലതുമുണ്ടോ? തലയൊന്നിന് രണ്ട് കേസുകൾ ചുമത്ത് ഇവന്റെയൊക്കെ കാര്യം തിരക്കാൻ ആര് വരാനാ' എന്ന പോലീസ് അധികാരികളുടെ ചോദ്യം ഇരുള ജനവിഭാഗം അധികാരകേന്ദ്രങ്ങളിൽ നിന്നനുഭവിക്കുന്ന പാർശ്വവൽക്കരണത്തിന്റെ ആഴം പ്രേക്ഷകന് ബോധ്യപ്പെടുത്തിതരുന്നു. ഒരു ജയിലിൽ നിന്ന് മറ്റൊരു ജയിലിന്റെ ഇരുട്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഇത്തരം ജനവിഭാഗങ്ങളുടെ കുടുംബം അനുഭവിക്കുന്ന സാമ്പത്തിക – സാമൂഹിക അരക്ഷിതാവസ്ഥയുടെ ഭീകരമായ അവസ്ഥകൾ ഈ രംഗത്ത് വ്യക്തമാക്കുന്നു. ഗീമാമഹശ എന്ന ഗ്രാമപ്രദേശത്തെ കൃഷിയിടത്തിലേക്ക് മിഴിഉറക്കുന്ന ക്യാമറ ഇരുള ജനവിഭാഗത്തിന്റെ തൊഴിലേക്കും ഭക്ഷണസംസ്കാരത്തിലേക്കും പ്രേക്ഷകന്റെ ശ്രദ്ധക്ഷണിക്കുന്നു. സെങ്കനി, രാജാക്കണ്ണ്, ഇരുട്ടപ്പൻ തുടങ്ങിയ കഥാപാത്രങ്ങളെ പരിചയപ്പെടുത്തികൊണ്ട്, ഗ്രാമാന്തരീക്ഷത്തിൽ മണ്ണിന്റെ ഹൃദയത്തിൽ ചെവി ചേർത്ത് വയൽ വരമ്പുകളിലെ എലിമാളങ്ങൾ കണ്ടുപിടിക്കാനുള്ള ജനവിഭാഗത്തിന്റെ വൈദഗ്ദ്യം ക്യാമറ അവതരിപ്പിക്കുന്നു. ആദിവാസി, ദളിത് വിഭാഗങ്ങളിലെ ജനങ്ങളുടെ അറിവ് ഭൗതിക ജീവിതത്തിന്റെ പ്രായോഗികതയിൽ നിന്ന് രൂപപ്പെടുന്നതാണ് എന്ന് അടിവരയിട്ടുറപ്പിക്കുന്ന രംഗമാണ് ഇത്. കാർഷിക സമൃദ്ധിയുടെയും ഉൾപ്പാദനപ്രക്രിയുടേയും ഭാഗമായ ഈ മനുഷ്യവിഭാഗങ്ങൾക്ക് സമൂഹത്തിലെ ഉന്നതവിഭാഗമെന്ന് സ്വയം അവരോധിക്കുന്ന മറ്റുമനുഷ്യവിഭാഗങ്ങൾ വിദ്യാഭ്യാസം നിഷേധിക്കുമ്പോൾ പ്രകൃതി തന്നെ അവർക്കൊരു വിദ്യാലയം ഒരുക്കുന്നു. ആ വിദ്യാലയത്തിലെ പ്രായോഗിക പരീക്ഷകൾ കാലാനുസൃതമായി അഭിമുഖീകരിക്കുകയും വിജയിക്കുകയും ചെയ്യുമ്പോഴാണ് ആദിവാസി ജനതയുടെ വിദ്യാഭ്യാസം സമ്പൂർണ്ണമാകുന്നത്. ഭക്ഷണത്തിനായി പിടിച്ച എലികളിൽ ഇളം തലമുറയിൽപെട്ട ഒന്നിനെ മോചിപ്പിക്കുന്ന സെങ്കനിയെന്ന കഥാ

പാത്രം പരിസ്ഥിതിക്ക് മേലുള്ള മനുഷ്യന്റെ കടന്നുകയറ്റത്തിനെതിരെയും അവന്റെ ആവശ്യങ്ങൾക്ക് വേണ്ടി യാതൊരു ദയയുമില്ലാതെ പ്രകൃതി നശീകരണം നടത്തുന്നതിനെതിരെയും ഒരു ചോദ്യമുയർത്തുകയും ഇനി വരാനിരിക്കുന്ന തലമുറകൾക്ക് കൂടി അവകാശപ്പെട്ടതാണ് ഭൂമി എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുകയും ചെയ്യുന്നു.


ഇരുള ജനവിഭാഗത്തിന്റെ വാസസ്ഥലത്തേക്കുള്ള ക്യാമറയുടെ സഞ്ചാരം അവരുടെ ആവാസവ്യവസ്ഥയുടെ യഥാർത്ഥചിത്രം വരച്ചുകാട്ടുന്നു. ഇരുള ജനവിഭാഗത്തിന്റെ വീടുകൾ മണ്ണും ഓലയും ചേർത്ത് നിർമ്മിച്ച കുടിലുകളാണ്. വീട് ഒരുമനുഷ്യന്റെ അടിസ്ഥാനആവശ്യങ്ങളിൽ ഒന്നാണ്. വീട് നിർമ്മാണത്തിലും ആഭരണഉപയോഗത്തിലും ജാതീയമായ വേർതിരിവ് നിലനിൽക്കുന്നതിന്റെ പ്രത്യക്ഷമായ ആവിഷ്കരണം ജയ്ഭീമിലും ദർശിക്കാം. ഇരുളവിഭാഗത്തിന്റെ കുടിലുകൾ അസുരക്ഷയുടെ കേന്ദ്രമായി മാറുന്നതിന്റെ ആദ്യകാഴ്ച ലഭ്യമാകുന്നത് കനത്ത മഴയിൽ വീട് ഇടിഞ്ഞ് പോകുമ്പോഴാണ്. സിനിമയുടെ പിന്നീടുള്ള വഴികളിൽ ഇതേ വീട്ടിലേക്ക് അതിക്രമിച്ച് കയറുന്ന പോലീസുകാരുടെ രംഗം ഇരുളർ അനുഭവിക്കുന്ന സാമൂഹിക അരക്ഷിതാവസ്ഥ യുടെ മറ്റൊരുചിത്രമാകുന്നു. കല്ല് കൊണ്ട് വീടുകെട്ടാൻ സെങ്കനിക്കും രാജാക്കണ്ണിനും ആഗ്രഹമുണ്ടെങ്കിലും അധികാരകേന്ദ്രങ്ങളുടെ വിസമ്മതവും സാമ്പത്തിക പ്രതിസന്ധിയും ആ ആഗ്രഹങ്ങൾക്ക് വിലങ്ങുതടിയായി മാറുന്നു. തുടർന്നുവരുന്ന സംഭവവികാസങ്ങളുടെ ശൈലിയിലാണ് ജയ്ഭീമിന്റെ കഥ ചിട്ടപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ ദിവസത്തെമഴയിൽ ഇടിഞ്ഞുപോയ വീടിന്റെ ഒരു ഭാഗം ഓലകൊണ്ട് കെട്ടിമറയ്ക്കാൻ ശ്രമിക്കുന്ന രാജാക്കണ്ണിന്റെ അരികിലേക്ക് വരുന്ന ഒരു വാർത്തയാണ് ജയ്ഭീമിന്റെ കഥയ്ക്ക് കൃത്യമായ സഞ്ചാരപാതയൊരുക്കുന്നത്. സമീപപ്രദേശത്തെ ഒരു വീട്ടിൽ കയറിയ പാമ്പിനെ പിടിക്കുവാൻ രാജാക്കണ്ണിനെ അന്വേഷിച്ച് ചെന്ന് വരുന്ന വ്യക്തി സ്കൂട്ടർ യാത്രയിൽ സുരക്ഷയ്ക്കായി അയാളുടെ ദേഹത്ത് കൈ വച്ച രാജാക്കണ്ണിനെ രൂക്ഷമായി നോക്കുന്നു. ഭര

ണഘടനയിലെ ആർട്ടിക്കിൾ 17 പ്രകാരം ഇന്ത്യയിൽ നിന്നും തുടച്ചു നീക്കി എന്ന് നമ്മൾ അവകാശപ്പെടുന്ന അയിത്തത്തിന്റെ പ്രകടന പത്രികയായി അയാളുടെ നോട്ടത്തെ വായിക്കാം. പാമ്പിനെ പിടിച്ചതിനുശേഷവും വീട്ടികാർക്കു വേണ്ടി സഹായങ്ങൾ ചെയ്തുകൊടുക്കുന്ന രാജാക്കണ്ണ് അവിടെയും ജാതിവിവേചനം നേരിടുന്നു. പാമ്പിനെ പിടിക്കാൻ പോകുന്ന സമയത്ത് സെങ്കനിയിൽ നിന്നും പ്രാർത്ഥപൂർവ്വം വാങ്ങുന്ന പ്രത്യേക മരുന്ന് വിഷം ശരീരത്തിൽ കടന്നുവോ എന്ന് തിരിച്ചറിയാനുള്ള ഇരുളരുടെ പരമ്പരാഗതമാർഗ്ഗമാണ്. ആദിവാസി സാംസ്കാരത്തിന്റെയും, ആചാരത്തിന്റെയും ഭാഗമായ വിഷയങ്ങൾ പോലും തിരക്കഥാകൃത്തിന്റെ ശ്രദ്ധയിൽ എത്തി എന്നതിന് തെളിവാണ് ഈ രംഗം. എലിയെ പിടിക്കാനുള്ള വൈദഗ്ദ്യം പോലെ തന്നെ ഗന്ധമറിഞ്ഞ് പാമ്പിനെ പിടിക്കാനുള്ള ഇരുളരുടെ കഴിവ് തുടർന്നുവരുന്ന രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. പ്രത്യക്ഷമായ ജാതിവിഭജനം നിൽനിൽക്കുമ്പോഴും ലളിതരുടേയും, കീഴാളരുടേയും ഇത്തരം അറിവുകൾ ചൂഷണം

ചെയ്യുന്ന മനുഷ്യ സ്വഭാവത്തെ
കൃത്യതയോടെ അവതരിപ്പിക്കാൻ
ജയ്ഭിമിന് കഴിഞ്ഞിട്ടുണ്ട്.

വൈദ്യുതിയുടെ വെളിച്ചമെത്താത്ത
ഇരുളുകളിൽ അറിവിന്റെ വെളി
ച്ചവുമായി എത്തുന്ന അദ്ധ്യാപിക
യുടെ കഥാപാത്രത്തെ അവതരി
പ്പിച്ചിരിക്കുന്നത് രജീഷ വിജയൻ
ആണ്. സമൂഹത്തിന്റെ ലിഖിത
നിമിമവ്യവസ്ഥകൾ ആദിവാസി
സമൂഹത്തിന് നിഷേധിച്ച വി
ദ്യാഭ്യാസത്തെ കുറിച്ചുള്ള അറിവ
്അവരിലേക്കെത്തിക്കുന്നതിനുള്ള
സർക്കാരിന്റെ പദ്ധതിയായ
അറിവൊലി (സാക്ഷരത)യുമായി
എത്തിച്ചേരുന്ന അദ്ധ്യാപിക'
ഭൂമിക്ക് പട്ടയംപോലുമില്ലാത്ത
ഞങ്ങൾക്കെങ്ങനെ വിദ്യാഭ്യാ
സം കിട്ടും എന്നൊരു ചോദ്യം
രാജാക്കണ്ണിൽ നിന്നും നേരിടുന്നു.
'വിദ്യാഭ്യാസം ചെയ്യുക അപ്പൊഴെ
ല്ലാം ലഭിക്കും' എന്നൊരു മറുപടി
അദ്ധ്യാപിക അവർക്ക് കൊടുക്കു
മ്പോൾ സമൂഹത്തിലെ വ്യവസ്ഥാ
പിതതാത്പര്യങ്ങളെ ചോദ്യം ചെ
യ്യാനുള്ള ഏക മാർഗ്ഗം വിദ്യാഭ്യാ
സമാണെന്ന സുദൃഢമായ സത്യം
ഇരുളജനത മനസ്സിലാക്കുന്നു.
അധികാരബോധങ്ങളെ ചോദ്യം
ചെയ്യുവാൻ ഭയക്കുന്ന ഇരുള ജന
വിഭാഗത്തെ / മറ്റ് ആദിവാസി
വിഭാഗങ്ങളെ സൃഷ്ടിക്കുന്നതിൽ
മുഖ്യപങ്ക് വഹിച്ച ഘടകമാണ്
വിദ്യാനിഷേധം. സമൂഹത്തിലെ
താഴെത്തട്ടിലുള്ള ജനങ്ങൾക്ക്
വിദ്യാഭ്യാസംനിഷേധിക്കുക വഴി
അവന്റെ അവകാശങ്ങളെകുറിച്ചുള്ള
ബോധവും കൂടി നമ്മൾ മനപ്പൂർ
വ്വം നിഷേധിക്കുന്നു. അതിന്റെ
ഫലമായി നിയമ ലംഘനങ്ങളും
അവകാശലംഘനങ്ങളും മനസ്സിലാ
ക്കാതെ, മനസ്സിലായാലും പ്രതിക
രിക്കാൻ കഴിയാതെ സ്വത്വബോധ
പ്രതിസന്ധി നേരിടുന്ന തലമുറകൾ
സൃഷ്ടിക്കപ്പെട്ടുകൊണ്ടേ

യിരിക്കും. തലമുറകളായി നീതി
നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കും.
തലമുറകളായി നീതി നിഷേധിക്ക
പ്പെടുന്ന നിരവധിആദിവാസികളു
ടെ ജീവിതവും അരികുവത്കരണ
വും ജയ്ഭീം വിഷയമാക്കിപ്പോൾ
ഭൂമിയിൽ ജിവിച്ചിരിക്കുന്നതിന്



പോലും തെളിവില്ലാത്ത ഒരു കൂട്ടം
മനുഷ്യരുടെ വേദനകൂടി പുറംലോ
കം അറിഞ്ഞു. സാക്ഷരത അദ്ധ്യാ
പികയിൽ നിന്നും വിദ്യാഭ്യാസ
ത്തിന്റെ മഹത്വം മനസ്സിലാക്കിയ
ഇരുളവിഭാഗക്കാർ തങ്ങളുടെ
ജാതി സർട്ടിഫിക്കറ്റിനായി ബന്ധ
പ്പെട്ട അധികാരികളുടെ അടുത്തെ
ത്തുമ്പോൾ നേരിടേണ്ടിവരുന്ന ദുര
നുഭവത്തിന്റെ ചിത്രീകരണത്തിൽ
കൂടി വർണ്ണം, വസ്ത്രധാരണം, മറ്റ്
ഭൗതികാവസ്ഥകൾ എന്നീഘടക
ങ്ങൾ കൊണ്ട് മനുഷ്യരെ അടയാള
പ്പെടുത്തുന്ന സമൂഹത്തിന്റെപൊതു
സ്വഭാവം കൂടി വെളിപ്പെടുന്നു. സ്വ
ന്തമായി പട്ടയമില്ലാത്ത, റേഷൻ
കാർഡില്ലാത്ത, ജാതിസർട്ടിഫി
ക്കറ്റില്ലാത്ത ഒരു വിഭാഗം സമൂഹ
ത്തിലോ മനുഷ്യരുടെ കൂട്ടത്തിലോ
അടയാളപ്പെടുത്താതെ അസ്തിത്വം
പോലും നഷ്ടപ്പെട്ട് നിൽക്കേണ്ടി
വരുന്ന ദുരവസ്ഥയുടെ ദൃശ്യവൽക
രണം ജയ്ഭീമിലെ വിവിധരംഗങ്ങ
ളിൽ കാണാം. ജനാധിപത്യവ്യവ
സ്ഥയുടെ നട്ടെല്ലായ തെരെഞ്ഞെ
ടുപ്പ് മാർഗ്ഗങ്ങളിൽ അടയാളപ്പെടാ
ത്തവരായതുകൊണ്ടാണ് ഇരുളർ
ഇത്രയേറെ അവഗണനകൾ
നേരിടേണ്ടിവരുന്നതെന്ന ക്രൂരസ
ത്യം വിവിധകഥാപാത്രങ്ങളിൽ
കൂടി ജയ്ഭീം കൂടുതൽ ദൃഢവൽക്ക
രിക്കുന്നു.

ടീച്ചറുടെ നേതൃത്വത്തിൽ ഊര്
സന്ദർശിക്കാനെത്തുന്ന വിദ്യാർ
ത്ഥികൾക്ക് കാട്ടിലെ മരുന്നുകളെ
കുറിച്ച്, അവയുടെ ഔഷധഗുണ
ങ്ങളെ കുറിച്ച് പ്രാദേശികഭാഷ
യിൽ വിവരിക്കുന്ന സെങ്കനി



വനവിഭവങ്ങളെ കുറിച്ചും അത്യപൂർവ്വമായ ഔഷധസസ്യങ്ങളെകുറിച്ചുമുള്ള അറിവ് കാത്തുസൂക്ഷിക്കുന്ന ആദിവാസി വിഭാഗത്തിന്റെ പ്രതീകമായി മാറുന്നു. ശരീരത്തിൽ ഉണ്ടാകുന്ന സർപ്പദംശനത്തിന്റെ ലക്ഷണം നോക്കി സർപ്പത്തെകുറിച്ചറിയുവാനും അതിന് ഉചിതമായ മരുന്ന് നൽകി മനുഷ്യന്റെ ജീവൻ രക്ഷിക്കുവാനുമുള്ള കഴിവ് ഇരുളർ തങ്ങളുടെ ജിവിതചുറ്റുപാടിൽ നിന്ന് ആർജ്ജിച്ചെടുത്തതിന്റെ തെളിവും ഈ ചിത്രം പങ്കുവയ്ക്കുന്നു.

കൂട്ടമായി വേട്ടയാടുകയും വനവിഭവങ്ങൾ ശേഖരിക്കുകയും കൂട്ടമായി ജിവിക്കുകയും ഭക്ഷണവും സംസ്കാരവും പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്ന ഇരുളവിഭാഗത്തിന്റെ ജിവിതരീതികളിൽ കൂടിയുള്ള വിപുലമായ സഞ്ചാരം 'വേട്ടക്കാരക്കൂട്ടം' എന്ന ഗാനത്തിന്റെ അകമ്പടിയിൽ ചിത്രീകരിച്ചിരിക്കുന്നു. കഥപറയാൻ വേണ്ടി കഥപറയുകയല്ല മറിച്ച് പറയുന്ന കഥയുടെ കാതലറിഞ്ഞ് കരുതലോടെ കഥപറഞ്ഞ് പ്രേക്ഷകനും കഥാപാത്രങ്ങളും തമ്മിലുള്ള അകലം കുറച്ച് സിനിമ കൂടുതൽ അനുഭവക്ഷമമാക്കുന്ന തരത്തിലേക്ക് മാറ്റുന്നതിനാലാണ് വ്യവസായികസിനിമ എന്നതലക്കെട്ടിലും ജയ്ഭീം വേറിട്ട സിനിമയാകുന്നത്.

സെങ്കനിയുടേയും രാജാക്കണ്ണിന്റെയും ജിവിതത്തിന്റെ ശാന്തിയിലേക്ക് അല്ലെങ്കിൽ ഇരുള ജനയതയുടെ അതുവരെ ഉണ്ടായിരുന്ന ജിവിതത്തിന്റെ ശാന്തിയിലേക്ക് അപ്രതീക്ഷിതമായി കടന്നുവരുന്ന പ്രശ്നമാണ് രാജാക്കണ്ണിന്റെ പേരിലുണ്ടായ മോഷണകുറ്റം. പെട്ടെന്നുണ്ടായ അനുഭവ വിപര്യയത്തിൽ പകച്ചുപോകുന്ന ഒരു ജനവിഭാഗത്തിന്റെ വൈകാരിക സാംസ്കാരിക അനുഭവങ്ങൾ കൃത്യമായി അടയാളപ്പെടുത്തുവാൻ ജയ്ഭീമിലെ ഫ്രയിമുകൾക്ക് സാധിച്ചിട്ടുണ്ട്. മുൻ ദിവസത്തെ മഴയിൽ വീടിന്റെ ഒരു ഭാഗം നഷ്ടപ്പെട്ട സെങ്കനി അരക്ഷിതാവസ്ഥയുടെ മറ്റൊരു തലം നേരിടുന്ന കാഴ്ച പ്രേക്ഷകന്റെ കരുണരസത്തെ ഉണർത്തിവിടുന്നു. രാത്രിയിൽ രാജാക്കണ്ണിനെ അറസ്റ്റുചെയ്യാനെത്തുന്ന പോസീസുകാർ വനിതാപോലീസുകാരില്ലാതെ രാജാക്കണ്ണിന്റെ വീട്ടിൽ അതിക്രമിച്ച്

കയറുകയും ഗർഭിണിയായ സെങ്കനിയെ അറസ്റ്റുചെയ്തുകൊണ്ടുപോകുകയും ചെയ്യുന്നു. പോലീസുകാർ സെങ്കനിയോട് ചെയ്യുന്ന കടുത്ത നിയമലംഘനം ചോദ്യം ചെയ്യാൻ ആ ഊരിലെ ജനവിഭാഗത്തിന് കഴിയുന്നില്ല, അല്ലെങ്കിൽ അവരുടെ സ്വത്വബോധം അനുവദിക്കുന്നില്ല. നിയമത്തെക്കുറിച്ച് ഒരു സാധാരണപൗരനുള്ള അറിവ് പോലും ഇരുള ജനവിഭാഗത്തിന് ഇല്ല എന്ന യാഥാർത്ഥ്യം, അതിനെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളുടെ ആഴവും പരപ്പും ജയ്ഭീമിൽ വിഷയമാകുന്നു. ഈ നിയമലംഘനങ്ങൾ നിയമത്തിനും പൊതു സമൂഹത്തിനും മുൻപിൽ തുറന്നുകാട്ടിയ ജസ്റ്റിസ് കെ.ചന്ദ്രുവിന്റെ നാമം സ്വീകരിച്ചുകൊണ്ടാണ് സൂര്യ ജയ്ഭീമിൽ പ്രത്യക്ഷപ്പെടുന്നത്. ഔദ്യോഗിക സ്ഥാനകയറ്റത്തിന് വേണ്ടി നിരപരാധികളായ ജനവിഭാഗത്തെ

ജയിലിലടച്ച നീതിവ്യവസ്ഥയെ ചോദ്യം

ചെയ്തുകൊണ്ടുള്ള അഡ്വ:ചന്ദ്രുവിന്റെ വരവ് മുതലാണ് സിനിമയുടെ കാതലായ ഭാഗം പ്രേക്ഷകർ കാണുന്നത്. തൊഴിലാളി വർഗ്ഗത്തിന്റെ കേസുകൾ കൈകാര്യം ചെയ്യുകയും കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുകയും അതിനെ പിൻതുടരുകയും ചെയ്യുന്ന അഡ്വ: ചന്ദ്രുവിന്റെ ശ്രദ്ധയിലേക്ക് ഇരുള ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ കൊണ്ടുവരുന്നത് ദിണ്ഡിവനം സർക്കാർ കോളേജിലെ ഫിസിക്സ് അദ്ധ്യാപകനായ പ്രോഫ:കല്യാണിയാണ്. ഇത്തരം വിഷയങ്ങൾ പരിഗണിച്ചുകൊണ്ട് അഡ്വ:ചന്ദ്രുവിന്റെ ജീവിത വഴിയിൽ കൂടിയുള്ള യാത്ര അടയാളപ്പെടുത്തുന്ന ജയ്ഭീം ബയോപിക് പരിവേഷവും കൂടി നേടുന്നു.

ഫ്ളാഷ് ബാക്ക് സമ്പ്രദായവും വർത്തമാനകാല സംഭവങ്ങളും കൃത്യമായി കൂട്ടിച്ചേർത്ത് മെനഞ്ഞെടുത്ത കഥയാണ് ജയ്ഭീമിന്റെ നട്ടെല്ല്. ഗർഭിണിയായ സ്ത്രീയെന്നും മനുഷ്യരെന്ന പരിഗണനയുമില്ലാതെ ഇരുളജനവിഭാഗം ലോക്കപ്പിലേക്കുന്ന മർദ്ദനം, രാജാക്കണ്ണിനെ അന്വേഷിച്ച് ബന്ധുവീടുകളിൽ പോലീസ് നടത്തുന്ന അക്രമം, അധികാരവ്യവസ്ഥയും കീഴാളൻന്മാരും തമ്മിലുണ്ടാ

കുന്ന പ്രശ്നങ്ങൾ, കീഴാളജനവിഭാഗത്തിന്റെ സ്വത്വബോധം പ്രതിസന്ധികൾ തുടങ്ങിയ വിഷയങ്ങളിലേക്ക് ആഖ്യാതാവായ ക്യാമറയുടെ ചുവടുമാറ്റം സിനിമയെ കൂടുതൽ തീവ്രമാക്കുന്നു. മോഷണക്കുറ്റം ആരോപിക്കുന്ന രാജാക്കണ്ണ് പോലീസ് പിടിയാലാകുകയും പൊതുജനങ്ങളുടെ മധ്യത്തിൽ അധികാരവർഗ്ഗത്തിന്റെയും പോലീസിന്റെയും മർദ്ദനത്തിന് ഇരയാകുകയും ചെയ്യുന്നു. തെറ്റ് ചെയ്യാത്ത ഒരു മനുഷ്യൻ തെരുവ് മൃഗത്തേക്കാൾ ദാരുണമായി ശിക്ഷിക്കപ്പെടുമ്പോൾ ചുറ്റിനും നിൽക്കുന്ന മനുഷ്യർ ആ ശിക്ഷയെ തടയുകയോ അയാളെ രക്ഷിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. കീഴാള

വിഭാഗം സമൂഹത്തിന്റെ ക്രൂരതകൾക്ക് ഇരയാകേണ്ടവരാണെന്ന ചിന്തയുടെ ബഹിർഗമനം മൂലമാണ് ഈപൊതു സമൂഹം ക്രൂരതകൾക്ക് സാക്ഷിയായി മൗനം ഭജിച്ച് നിൽക്കുന്നത്. സ്വത്വബോധപ്രതിസന്ധിയിൽ സമൂഹത്തിന്റെ ക്രൂരകൾക്ക് ഇരയാകേണ്ടിവരുന്ന ഇരുള ജനവിഭാഗത്തെ രൂപത്തിലും ഭാവത്തിലും യാഥാർത്ഥ്യത്തോടെ ചിത്രീകരിക്കുന്ന ഈ രംഗങ്ങൾ സാധാരണമനുഷ്യന്റെ ഹൃദയത്തെ ആഴത്തിൽ മുറിവേൽപ്പിക്കുന്നു. പ്രാകൃതമായ ശിക്ഷാനടപടികളിൽ കൂടിയുള്ള കടുത്ത മനുഷ്യാവകാശലംഘനത്തിന്റെ അവസ്ഥകൾ, ബന്ധങ്ങളുടെ മൂല്യം നഷ്ടപ്പെടുത്തുന്ന തരത്തിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്ന അധികാരവ്യവസ്ഥയുടെ ക്രൂരവിനോദം തുടങ്ങിയ ജയിൽ രംഗങ്ങളുടെ ആവിഷ്കാരം മുതലാളിത്തവർഗ്ഗത്തിന്റെ നിഷ്ഠൂരമായ അധികാരപ്രയോഗങ്ങളുടെ നേർ ചിത്രമാകുന്നു.

ദൈർഘ്യമേറിയ ലോക്കപ്പ് മർദ്ദനങ്ങളുടെ ഫലമായി ജീവൻ നഷ്ടപ്പെട്ട രാജാക്കണ്ണിന്റെ മരണം ജയിലിൽ നിന്നുള്ള രക്ഷപ്പെടലാക്കി തീർക്കാനുള്ള അധികാരകേന്ദ്രങ്ങളുടെ നാടകവും രാജാക്കണ്ണിനെ അന്വേഷിച്ചുള്ള അഡ്വ: ചന്ദ്രുവിന്റെയും സെങ്കനിയുടേയും യാത്രയും ജയ്ഭീമിന് ഒരുത്രില്ലർ ശൈലി നൽകുന്നു. അഡ്വ:ചന്ദ്രുവിന്റെ അന്വേഷണ പാടവവും അവസരോചിതമായ ഇടപെടലും രാജാക്കണ്ണിന്റെ നിഗൂഢമരണം പുറത്തുകൊണ്ടുവരുന്നു. സാഹചര്യതെളുവുകൾ സൃഷ്ടിച്ച് ഒരു കേസ് എങ്ങനെ രൂപപ്പെടുത്തിയെടുക്കാമെന്ന പോലീസ് ഉദ്യോഗസ്ഥരുടെ ചിന്തയെ മറികടന്ന് രാജാക്കണ്ണിന്റെ മരണം കസ്റ്റഡിമരണം ആണെന്ന് ഉറപ്പാക്കുമ്പോഴും മരണത്തോട് ബന്ധപ്പെട്ട പോലീസ ് ഉദ്യോഗസ്ഥർ പ്രതിപട്ടികയിൽ വരാതിരിക്കാനുള്ള പരിശ്രമങ്ങൾ മേലാളവിഭാഗത്തിൽ നിന്നും ഉണ്ടാകുന്നു. ഭർത്താവിന്റെ മരണത്തെമറച്ചുവയ്ക്കുവാൻ അധികാരവും പണവുമുപയോഗിച്ച് സെങ്കനിയെ ഒരു വിഭാഗം ഭീഷണിപ്പെടുത്തുന്ന

എങ്കിലും തന്റെ ഭർത്താവിന്റെ മരണത്തിൽ നീതി കിട്ടണം എന്ന ചിന്തയിൽ സെങ്കനി ഉറച്ചുനിൽക്കുന്നു. ഭീഷണിക്കോ സമ്പന്നതയ്ക്കോ മുൻപിൽ പതറാതെ നിശ്ചയദാർഢ്യത്തോടെ നീതിക്കായി പോരാടുന്ന സെങ്കനി കീഴാള സ്വത്വബോധത്തിൽ നിന്ന് പുറത്ത് കടക്കാൻ ശ്രമിക്കുന്ന ഇരുള വിഭാഗത്തിന് മാതൃകയാകുന്നു.

തെറ്റ് ചെയ്യാതെ ഒരു വിഭാഗം മനുഷ്യർ അകാരണമായി ശിക്ഷ അനുഭവിക്കുകയും തെറ്റ് ചെയ്ത മറ്റൊരു വിഭാഗം മനുഷ്യർ നിയമത്തിന്റെ പരിരക്ഷതേടുകയും ചെയ്യുന്ന വിരുദ്ധശൈലി പങ്കുവയ്ക്കുന്ന ജയ്ഭീം കീഴാളസ്വത്വപ്രതിസന്ധിയിലിലേക്ക് തുറന്നുപിടിച്ചകണ്ണാണ്. സമൂഹം വിഭാവനം ചെയ്തിരിക്കുന്ന അധികാരവ്യവസ്ഥയും സമ്പദ്‌വ്യവസ്ഥയും ജാതി കേന്ദ്രീയമാണെന്ന് അടിവരയിട്ടുറപ്പിക്കുന്ന ജയ്ഭീം കീഴാളരുടെ സ്വത്വബോധമേൽക്കുന്ന അപകടാവസ്ഥയിലേക്ക് പൊതുജനത്തിന്റെ ശ്രദ്ധക്ഷണിക്കുകയും ഈ വിഷയങ്ങൾ സമൂഹം ചർച്ച ചെയ്യേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുകയും ചെയ്യുന്നു. സിനിമ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിഫലനമാകുമ്പോൾ വിഷയാവതരണത്തിൽ കൂടി ശ്രദ്ധപുലർത്തേണ്ടതിന്റെ മികച്ച ഉദാഹരണമായി മാറി ജയ്ഭീം വ്യാവസായികസിനിമയിൽ നിന്ന് മാനുഷികവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പൊതു ഇടമായി വികാസം പ്രാപിക്കുന്നു. സമൂഹത്തിൽ നിന്ന് അരികുവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ വേദനകൾ ഹൃദയം തുറന്ന് സ്വീകരിക്കുവാനുള്ള പ്രേക്ഷകന്റെ കഴിവ് ജയ്ഭീമിന്റെ വിജയത്തിന് കാരണമാകുമ്പോൾ ഇങ്ങനെയൊരു കഥ പറയുന്നതിന്റെ വെല്ലുവിളി സ്വീകരിച്ച് ആ വെല്ലുവിളിയിൽ നൂറുശതമാനം വിജയിച്ച ഒരു സിനിമയുടെ ഒരോ അണിയറപ്രവർത്തകരും അഭിനന്ദനമർഹിക്കുന്നു എന്ന സത്യവും നാം ഓർക്കണം.

**ജസിൻ താജ്**
പി. എസ്. എം. ഒ. കോളേജ് തിരൂരങ്ങാടി

# മൂന്ന് കൊറോണ കവിതകൾ

## 1. വൈറസ്

ഇത്തിരിക്കുഞ്ഞനാണ്
കാണാൻ കഴിയില്ലത്രേ
ഓരോ വിരലനക്കത്തിലും
ഓരോ നിശ്വാസത്തിലും
പ്രാണനെടുക്കാൻ കെല്പുണ്ടത്രേ
വിശാലമായ ഭൂമിയിൽ
വൈറസിനും ജീവിക്കണമത്രേ.



## 2. മാസ്ക്

മൂന്നക്ഷരം
രണ്ടു വള്ളിയും രണ്ടു ചന്ദ്രക്കലയും
മുഖത്തു നോക്കേണ്ട
മുഖം കാണേണ്ട
ഒരു തുണ്ട് കഷണത്തിനാൽ
മൂടിവെക്കപ്പെടുന്ന സ്വത്വം. സത്യം.

## 3. അകലം

ഇനി ഞാനും നീയും
ഭൂമിയും ആകാശവും
അകലം വേണമത്രേ
ശകലം അകലമില്ലാതെ ഇത്രനാൾ
അകലം
ഇനി എത്രനാൾ.

**ഡോ.എൻ. രേണുക**
എൻ എസ് എസ്  കോളേജ് ചേർത്തല

# ദേവദാസികളുടെ സംഗീതം: പാരമ്പര്യവും ആധുനികതയും

മധ്യകാല ഇന്ത്യൻ സാംസ്കാരിക ജീവിതത്തിന്റെ ഏറ്റവും പ്രബലമായ ഒരു വിഭാഗമായിരുന്നു ദേവദാസികൾ.ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലും രണ്ടു സാംസ്കാരിക സാഹചര്യങ്ങളിലും പേരുകളിലും അറിയപ്പെട്ടിരുന്ന ഈ സമൂഹം കലയുടെ അധിനാഥകളായിരുന്നു.ഉത്തരേന്ത്യയിൽ തവായഫ്, കൊട്ടാരനർത്തകികൾ എന്ന ഗണത്തിൽ ഉൾപ്പെട്ടിരുന്ന ഈ സ്ത്രീകൾ ദക്ഷിണേന്ത്യൻ സാഹചര്യങ്ങളിൽ ദേവദാസികൾ എന്നാണ് അറിയപ്പെട്ടത്. ക്ഷേത്രനർത്തകികളായും കൊട്ടാരനർത്തകികളായും നൃത്തസംഗീതജ്ഞകളായും ജീവിതം സ്വയം ആവിഷ്കരിച്ചിരുന്ന ദേവദാസികളുടെ സമാന പാരമ്പര്യങ്ങൾ കമ്പോഡിയ ഉൾപ്പെടെയുള്ള പല ലോക സംസ്കൃതികളിലും ഉണ്ടായിരുന്നു. ഹിന്ദുയിസം ക്ഷേത്രമതമായി മാറുന്ന കാലത്തിനു മുമ്പേ ശൈവവൈഷ്ണ ആരാധനാസമ്പ്രദായങ്ങളിൽ ക്ഷേത്രപ്രതിഷ്ഠയുടെ പ്രതീകാത്മക വധുവായി ദത്തെടുക്കപ്പെടുന്ന പെൺകുട്ടികൾ നൃത്തത്തിലൂടെയും സംഗീതത്തിലൂടെയും ക്ഷേത്രാനുഷ്ഠാനങ്ങൾ നടത്തിപ്പോന്നു.'ദേവവധു'എന്ന അർത്ഥത്തിലാണ് ദേവദാസി എന്ന പ്രയോഗം വ്യാപകമായിത്തീർന്നത്.പിന്നീട് സാമൂഹിക പരിണാമപ്രക്രിയകളുടെ സമ്മർദ്ദങ്ങളിലൂടെ ദേവദാസികൾ എന്നാൽ വേശ്യാവൃത്തി അനുഷ്ഠിക്കുന്നവരാണെന്നും പ്രത്യേക ജാതി വിഭാഗമാണെന്നും സദാചാര വിരുദ്ധമായ സ്ത്രീകേന്ദ്രിത സമൂഹമാണെന്നും ദേവദാസി സമ്പ്രദായം നിയമം മൂലം നിരോധിക്കേണ്ടത് ഇന്ത്യൻ സംസ്കാരത്തിന്റെ അനിവാര്യതയാണെന്നും വന്നു ചേർന്നു.

ദേവദാസി സമ്പ്രദായത്തിന് അതിസങ്കീർണ്ണമായ ഒരു ചരിത്രമുണ്ട്. നിരന്തരം ഇടയുന്ന ഭാവനാലോകങ്ങളുടെ ഉരുത്തുകൾ,ബഹുസ്വരമായ യാഥാർത്ഥ്യങ്ങളുടെ സംഘർഷമേഖലകൾ, കലാചരിത്രത്തിലെ തമസ്കരണങ്ങൾ




(Exclusions) ഇങ്ങനെ അനേകം ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന നേർരേഖകളില്ലാത്ത ഒരു ഭൂതകാലം.ദക്ഷിണേന്ത്യൻ നൃത്ത പാരമ്പര്യത്തിന്റെയും സംഗീതപദ്ധതിയുടെയും ചരിത്രം തിരഞ്ഞു പോകുമ്പോൾ ദേവദാസികളെയും അവർ നേതൃത്വം കൊടുത്തിരുന്ന നൃത്ത-സംഗീതപദ്ധതികളെയും ജീവിതസങ്കല്പങ്ങളെയും അവഗണിക്കുവാൻ സാധ്യമല്ല.

ചരിത്രം പരിശോധിച്ചാൽ ദേവദാസികളെ പിന്നീട് ജാതിവിഭാഗമായി പരിഗണിക്കുന്നെങ്കിലും നൃത്തം, സംഗീതം, കവിതാരചന തുടങ്ങിയ സുകുമാരകലകളും ഭാവനകളും തൊഴിലായി സ്വീകരിച്ച ഒരു വിഭാഗത്തിന്റെ ജീവിതവഴിയായിരുന്നു ദേവദാസി സമ്പ്രദായം എന്ന് വ്യക്തമാകും. ശക്തമായ ബ്രാഹ്മണാധികാരം നേതൃത്വം നൽകിയിരുന്ന ജാതി കേന്ദ്രീതമായ ഇന്ത്യൻ സമൂഹിക ഘടനയിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യവും കലാജീവിതവും വിദ്യാഭ്യാസവും സാമൂഹിക സാമ്പത്തിക പദവികളും അനുഭവിച്ചിരുന്ന സ്ത്രീകളെ അസാന്മാർഗികമായി മുദ്ര ചാർത്തുകയും ദേവദാസി കുലം എന്നാൽ വേശ്യാവൃത്തി തൊഴിലായി സ്വീകരിച്ചവർ എന്ന വ്യാഖ്യാനം വരികയും ചെയ്യുന്നത് സ്വാഭാവികമാണ്.അക്കാലത്തെ ബ്രാഹ്മണവിഭാഗത്തിലുൾപ്പെടെയുള്ള ഉപരിവർഗസ്ത്രീകളെ അപേക്ഷിച്ച് പൊതുയിടങ്ങളിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിൽ ദേവദാസി വിഭാഗത്തിൽ ഉൾപ്പെട്ടവർ സ്വതന്ത്രകളായിരുന്നു.സ്ത്രീശരീരം, കാമനകൾ എന്നിവയ്ക്ക് മേൽ അടിച്ചേൽപ്പിക്കപ്പെട്ട സദാചാരബദ്ധമായ വിധിനിഷേധങ്ങൾ ദേവദാസികൾ അനുഭവിച്ചിരുന്നില്ല. ലൈംഗികവിഷയങ്ങളിലുൾപ്പെടെ അവർ നയിച്ചിരുന്ന സർവ്വതന്ത്ര സ്വതന്ത്രമായ കലാജീവിതത്തിന് മറ്റൊരു മുഖവും ക്രമേണ കൈവന്നു.പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തെലുങ്ക് കവയിത്രിയും ദേവദാസിയുമായ മുദ്ദുപ്പളനി രചിച്ച 'രാധിക സാന്ത്വനമു' എന്ന രതികാവ്യം 1910 ൽ ദേവദാസി കുലത്തിൽ ഉൾപ്പെട്ട ബാംഗ്ലൂർ നാഗരത്നമ്മ എന്ന കർണാടക സംഗീതജ്ഞ കണ്ടെടുക്കുന്നതും സ്ത്രൈണകാമവും പ്രണയഭാവനകളും ചിത്രീകരിക്കപ്പെട്ടു എന്നതുകൊണ്ട് മാത്രം ബ്രിട്ടീഷുകാർ 1911 ൽ ആ കാവ്യം നിരോധിച്ചതും ചരിത്രത്തിന്റെ ഭാഗമാണ്.ലൈംഗികഭാവനകളിലും ശൃംഗാരനിഷ്ഠമായ നൃത്തസംഗീതാദികളിലും സ്ത്രീകൾ കർതൃസ്ഥാനത്തു വരുന്നു എന്നതിനാൽത്തന്നെ വലിയ തോതിലുള്ള സ്ത്രീവിരുദ്ധതകളുള്ള സാമാന്യവത്കരണം ഈ രംഗത്ത് നടന്നിട്ടുണ്ട്.ദേവദാസികളുടെ അരക്ഷിതജീവിതവും ക്ഷേത്രകേന്ദ്രിത സാമ്പത്തിക വ്യവസ്ഥയും പൗരോഹിത്യവും ബ്രാഹ്മണാധിനിവേശവും ദേവദാസിസമ്പ്രദായത്തെ ഒരു അനുഷ്ഠാനപദ്ധതിയാക്കി മാറ്റുകയും ചെയ്യുന്നതിലൂടെ ഒട്ടുംതന്നെ കലാത്മകമല്ലാത്ത ശാരീരിക ചൂഷണത്തിന്റെ നില കൂടി ദേവദാസികൾക്ക് കൈവന്നതായി രേഖകൾ ഉണ്ട്.

ക്ഷേത്രാനുഷ്ഠാനങ്ങൾ, ആരാധന, ഉത്സവങ്ങൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട, നൃത്തസംഗീതാദികളിലൂടെ അലംകൃതമായ ആത്മീയത ജീവിതശീലവും തൊഴിലുമാക്കി വികസിപ്പിച്ച ക്ഷേത്രനർത്തകികളെന്നും പ്രഭുമന്ദിരങ്ങളിലും കൊട്ടാരങ്ങളിലും


കലയിലും വേശ്യാവൃത്തിയിലും അകപ്പെട്ടുപോയ കൊട്ടാരനർത്തകികളെന്നുമുള്ള വിഭജനം വന്നു.'നിത്യസുമംഗലികൾ'എന്ന അലൗകികമായ അനുഷ്ഠാനസ്വത്വത്തിലേയ്ക്ക് ദേവദാസി പെൺകുട്ടികൾ പ്രവേശിക്കുന്ന പ്രതീകാത്മക വിവാഹചടങ്ങുകൾ ഇന്ത്യയിലുടനീളം പല രൂപഭാവങ്ങളിൽ തുടർന്നു.അവർ നൂറ്റാണ്ടുകളിലൂടെ വികസിപ്പിച്ചെടുത്ത നൃത്തപദ്ധതികളും സംഗീതവും സൗന്ദര്യസങ്കല്പങ്ങളും എല്ലാം 'ദേവദാസി'എന്ന ഒറ്റക്കാഴ്ചയിൽ അസാന്മാർഗികമായി മാറി എന്നത് സാംസ്കാരിക ദുരന്തം തന്നെയാണ്.ഡോ.മുത്തുലക്ഷ്മി റെഡ്ഡി, മൂവാളൂർ രാമമിർത്തം അമ്മാൾ എന്നിവരുടെ ശ്രമഫലമായി 1947 ൽ ദേവദാസി നിരോധനിയമം പ്രാബല്യത്തിൽ വന്നു. അരക്ഷിതരും പാർശ്വവത്കൃതരുമായ ദേവദാസി കലാകാരികൾക്ക് നേരെ ചാർത്തിയിരുന്ന അനുഷ്ഠാന ചൂഷണങ്ങൾക്ക് നേരെയുള്ള നിയമപരമായ വിജയമായിരുന്നു അത്.എന്നാൽ കൊളോണിയൽ ആധുനികത, ബ്രാഹ്മണ മേധാവിത്വം, ദേശീയസങ്കല്പങ്ങൾ എന്നിവയെല്ലാം സൃഷ്ടിച്ച പുതിയ സദാചാര സങ്കല്പങ്ങൾ, ചാരിത്ര്യ ശുദ്ധി, എന്നിവ എത്രത്തോളം സ്ത്രീ സൗഹൃദപരമായിരുന്നുവെന്ന് ചിന്തിക്കേണ്ടതുണ്ട്.



കർണ്ണാടക സംഗീതലോകത്ത് അക്കാലത്ത് പ്രശസ്തരായ ഗായികമാരിൽ ഭൂരിപക്ഷവും ദേവദാസികളായിരുന്നു.ബ്രാഹ്മണ്യത്തിന്റെ മൂല്യവ്യവസ്ഥ പിന്തുടർന്നിരുന്ന പുതിയ ഒരു വർഗ്ഗം നൃത്ത സംഗീത ലോകത്ത് ആധിപത്യം ഉറപ്പിക്കുന്നതായി ഇക്കാലത്ത് കാണാം.ദേവദാസി കുലത്തെ മൂടി നിന്നിരുന്ന അസാന്മാർഗിക സങ്കല്പങ്ങൾ ഈ ഗായികമാരെയും സമൂഹത്തിൽ നിന്ന് ഒഴിച്ചുനിർത്തി.സാമൂഹികമായ അംഗീകാരം ഇവർക്ക് ലഭിച്ചില്ല എന്നതിന് അനേകം തെളിവുകളുണ്ട്.എം.എസ്.സുബ്ബുലക്ഷ്മി തന്റെ മധുരയിലെ ദേവദാസി പാരമ്പര്യത്തെ ഉപേക്ഷിച്ചുകൊണ്ട് ബ്രാഹ്മണജീവിതശൈലിയിലേയ്ക്ക് മാറിയതിനെക്കുറിച്ചും വിശ്വവ്യാപകമായി ലഭിച്ച അംഗീകാരത്തെക്കുറിച്ചും ജീവചരിത്രങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്.

ഇന്ത്യൻ സംഗീതചരിത്രത്തിൽ തന്നെ സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ അനുഭവിച്ച വിഭാഗം സ്ത്രീകളാണ്.അതിൽ ഭൂരിപക്ഷം സംഗീതജ്ഞകളും ദേവദാസി കളും തവായഫുകളുമായിരുന്നുവെന്നതും സവിശേഷ ശ്രദ്ധ അർഹിക്കുന്നു.കാരണം ഓരോ പ്രാദേശികതയിലും ശബ്ദസങ്കല്പങ്ങളെയും സംഗീതപദ്ധതികളെയും ആവരണം ചെയ്തു നിന്നിരുന്ന യാഥാസ്ഥിതിക ധാരണകളെയും പുരുഷാധിപത്യഘടനകളെയും സ്വാധീനിക്കാൻ ഗ്രാമഫോൺ റെക്കോർഡുകൾക്ക് കഴിഞ്ഞില്ല. സ്വന്തം ശബ്ദം ആലേഖനം ചെയ്ത് കാലാതീതരാകുവാനും സാമ്പത്തികമായി സ്വയംപര്യാപ്തരാകുവാനും ആദ്യകാല സംഗീതജ്ഞകൾക്കു കഴിഞ്ഞു.അതുവഴി അലൗകികമായ സംഗീതഭാവനകളെ മറികടന്നു പോകുന്ന തികച്ചും ഭൗതികമായ ശബ്ദസംസ്കാരത്തിന് വഴി തുറക്കുവാൻ ദേവദാസി ഗായികമാർക്ക് കഴിഞ്ഞു.ബാംഗളൂർ നാഗരത്നമ്മ, ബാംഗ്ലൂർ തായി, കോയമ്പത്തൂർ തായി, കാഞ്ചീപുരം ധനകോടി അമ്മാൾ, എം.എൽ.

വസന്തകുമാരി, എം.എസ്.സുബ്ബ ലക്ഷ്മി, മധുരൈ ഷൺമുഖവടിവ്, സേലം ഗോദാവരി, ടി.ജയമ്മാൾ, ടി.ആർ.രാജകുമാരി, തൃച്ചുർ ഷണ്മുഖവടിവ്, വീണ ധനമ്മാൾ, മധുരൈ കാമു അമ്മാൾ എന്നീ സംഗീതജ്ഞകൾ ദേവദാസികളായിരുന്നു.അതിശക്തമായ സാമൂഹിക ശുദ്ധീകരണപ്രക്രിയയെയും ബ്രാഹ്മണീകരണത്തെയും അഭിമുഖീകരിച്ച ഈ ഗായികമാരുടെ അതിജീവനത്തിൽ ആധുനിക സാങ്കേതിക വിദ്യയ്ക്കും ഗ്രാമഫോൺ കമ്പനിയ്ക്കും ചെറുതല്ലാത്ത പങ്കുണ്ട്.


എമിലി ബർലിനർ

1887 ൽ ആണ് എമിലി ബർലിനർ ഗ്രാമഫോൺ കണ്ടുപിടിക്കുന്നത്. ശബ്ദാലേഖന ചരിത്രത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു അത്. 1888 ൽ ലണ്ടൻ കേന്ദ്രമാക്കി രൂപം കൊണ്ട ഗ്രാമഫോൺ കമ്പനിയുടെ ഏജൻറ് ഫ്രെഡറിക് വില്യം ഗെയ്സ്ബർഗ് 1902 ൽ ഇന്ത്യയിലെത്തി. തദ്ദേശീയ ശബ്ദങ്ങൾ പരമാവധി പകർത്തുക എന്ന ലക്ഷ്യത്തോടെ കൊൽക്കത്തയിൽ നിന്ന് റെക്കോർഡിംഗ് ആരംഭിച്ചു. ഈ ഘട്ടത്തിലാണ് ഉത്തരേന്ത്യൻ തവായഫുകളും ദക്ഷിണേന്ത്യൻ ദേവദാസികളും ഗ്രാമഫോൺ റെക്കോർഡിംഗ് രംഗത്ത് സജീവമാകുന്നത്. ജാതി, തൊഴിൽ, ലിംഗം, ശരീരം, ദേശീയതാവാദം, ഇംഗ്ലീഷ് വിദ്യാഭ്യാസം, കൊളോണിയൽ ആധുനികത, മദ്രാസ് മ്യൂസിക് അക്കാദമി തുടങ്ങിയ ഘടകങ്ങളാൽ നിയന്ത്രിതമായ സങ്കീർണ്ണമായകാലത്തിനു കുറുകെയാണ് ദക്ഷിണേന്ത്യൻ സംഗീതജ്ഞകൾ സ്വന്തം ശബ്ദത്തിന്റെ അനന്യതകൾ തേടി പോകുന്നതും അനശ്വരരാകുന്നതും. ബ്രാഹ്മണാധിനിവേശത്തെയും സ്ത്രീവിരുദ്ധ മൂല്യങ്ങളെയും ഒരു പരിധിവരെ അവർ സാങ്കേതിക വിദ്യ ഉപയോഗിച്ച് അഭിമുഖീകരിച്ചുവെന്ന് പറയാം.



സന്മാർഗ്ഗശുദ്ധി ഇന്ത്യൻ സ്ത്രീശബ്ദത്തെ നിർണ്ണയിച്ചുകൊണ്ടിരുന്ന കാലമായതിനാൽ സാംസ്കാരിക നവീകരണപ്രക്രിയയുടെ ഭാഗമായി ദേവദാസി ജീവിതം ഇല്ലാതായി. സംഗീതം ഉപരിവർഗസങ്കല്പങ്ങളുടെയും ഭക്തിയുടെയും അഭിരുചികളെ ഉൾവൾവഹിക്കുകയും പുതിയ ഒരു ആസ്വാദക സമൂഹം രൂപം കൊള്ളുകയും ചെയ്യുന്നതായി കാണാം.എങ്കിലും ദേവദാസികളുടെ നാനാഭാവസങ്കലിതവും മിശ്രസ്വഭാവിയും കാല്പനികവും അഗാധവുമായ ബാണികൾ പരമ്പരകളിലേയ്ക്ക് സംക്രമിക്കുന്നു.

രമ്യാകൃഷ്ണൻ ആർ.
എൻ.എസ്.എസ്. കോളേജ്, പന്തളം



# വാതിലിനപ്പുറം

പാതിചാരിയ വാതിലിനപ്പുറം
ഇരുട്ടിൽ,
സ്വാതന്ത്ര്യത്തിന്റെ നിശാഗന്ധിപ്പൂക്കൾ
പുറത്ത് നിലാവിന്റെ വെള്ളപ്പുതപ്പ്
അകത്ത് അരണ്ട നിയോൺ വെളിച്ചം
ചിന്തകൾക്ക്
മഞ്ഞപ്പിത്തം ബാധിച്ചപോലെ....
പുറത്ത് തണുത്ത കാറ്റിൽ ഇലകളുലയുന്നു
അകത്ത് കോൺക്രീറ്റ് പാളികളുടെ ഉരുക്ക് നിശ്ശബ്ദത
പുറത്ത് മാഞ്ചോട്ടിൽ മുല്ല പൂക്കുന്നു
അകത്ത് ചില്ലുകൂട്ടിൽ പ്ലാസ്റ്റിക് പൂവുറങ്ങുന്നു
പുറത്ത് കഥകളിപ്പദം മുറുകുമ്പോൾ
അകത്ത് കൂർക്കംവലികൾ ചിലമ്പുന്നു
പാതിചാരിയ വാതിലിനിടയിലൂടെ
നിശാഗന്ധിയുടെ നനുത്ത ഗന്ധം
ചിന്തകളിലെ മഞ്ഞപ്പിത്തം
ചുണ്ടിലേയ്ക്ക് പടർത്തി
രാത്രിസഞ്ചാരത്തിനായ്
വീണ്ടും ചാരുകസേരയിലേയ്ക്ക്
കാതിൽ സൂഫി സംഗീതവും
നെഞ്ചിൽ ചിദംബരസ്മരണകളുമായ്!

**Shareefa Beegam P P**
PSMO College, Tirurangadi



# Post Mortem

When you were a living body,
The insides wrangled with one another
Mouth didn't tune into the bowel's voice,
Legs didn't hear out the eyes.
Lungs caught sighing and panting amidst
The heart's and brain's vying for supremacy.
Heart refuting the brain,
Brain, like a perfect teacher, proving it wrong.
It was a cacophony within
With complaints and nobody to listen to.
Wails unheard, tears unseen.
Lungs aching, muscles cramping,
bones cracking, heart breaking…
Now that you're laid on the postmortem table
When you're sliced and every organ is let out,
Your brain, heart, lungs and bowels,
No more quarrels, no more bickering,
Every conflict is let out to breathe the fresh air.
A symphony of silence
In a chorus of emptiness.

**Dr. Teena Rachel Thomas**
St Thomas College Kozhencherry

# A Glimmer of Hope: WCD Online Memes

At the outset, it indeed is a relief to welcome the new pro-women reformist messages released by The Department of Woman and Child Development in Kerala for the past few months. This initiative extended by the Kerala Government is indeed applaudable and refreshing. The meme circulated online last year on Mother's day was a red and white coloured poster with the word Amma' printed in big black letters. Right beneath the word, the old definition of a mother had been stricken off for a new and progressive definition-

**"~~Snehathintenirakoodam, shemayudepariyayam, superwoman~~"**

(The epitome of love, the synonym of love, superwoman)

to

**"Mattulavere pole snehavum, sangadamum, dhesyavum, sheenavumellamullaorusadharanasthree"**

(An ordinary womanwho experiences love, grief, anger and exhaustion like everyone else).

A radical ideological shift, these sentences debunk the stereotyping of the concept of a 'mother' in our virtual world. Such one liners, slogans, memes to an extent can influence the readers reading it on a daily basis. And setting it to be brought out online on Mother's Day was for sure a far-reaching move. The WCD of the Kerala government has been in the past and even now bringing out thought provoking pro-women messages to reshape the way the Kerala society perceives the role of a mother and women in general. The department started off towards the beginning of last year with a neo-liberal campaign named "***IniillaVettuvizhcha***" (No More Compromise) posing pertinent questions regarding the domestic space that women share with men in our society. This campaign was taken up by the media personalities and celebrities and endorsed powerfully through the virtual media. WCD came up with this sort of a no compromise slogan as a vehement reaction to the various dowry deaths and sexual harassment cases that were reaching its peak during that time. The campaign also proved to be an open attack on a variety of stereotypical patriarchal attitudes towards women in the Kerala society.

Such initiatives from a government department will surely rise ramifications, discussions and debates over the gender disparity that has long prevailed in our heterosexual society. Both women and men have long fallen into the trap of being gender categorised into showing either masculine or feminine traits.The domestic space has been forever traded to the women and the public space to the men. Any body that desires to crisscross these spaces will surely be pushing

themselves into precarious situations. What we still as a society is striving to attain is a gender neutral world wherein bodies can perform their own performances without necessarily falling into gender traps.

Terming one gender fit for domestic space and the another fit for the public space, the heterosexual social structures curb the potentialities of gender[s] other than the male gender and push them into a marginalised space whether at the domestic front or in their workspaces. Violence and abuse of all sort are lashed upon them even today. Patriarchy in power clips the wings of all those who dare to venture into spaces where rulebooks are totally different for men, women and not to mention other genders. The case of other genders is much worse than women.

Inspite of a proper judiciary and legal assistance for all, what we witness today are mishandled sexual harassment cases, women being assaulted in streets and morale assassinations done against women who are not easily pliable in workspaces. Though girls are given education today, parents till date have it in their minds that their daughters are safe only if they are married off. All of a sudden they completely forget how meticulously their daughters worked to reach a position in their career. Everything else becomes immaterial- her dreams, her likes, her dislikes, her thoughts…everything.She is subtly reminded that marriage is the be all and end all of a girl's life. Her career options, projects and goals all depend on the mercy of her in-laws.

Daughters are conditioned at every stage of their lives to abandon their claims to transcendent and authentic subjectivity in favour of the acceptance of a passive and alienated role; thus surrendering the active and subjective role to men. In this scenario, such thought provoking messages like "***IniillaVettuvizhcha***" (No More Compromise) though in the form of print online messageseek to intrude forcefully into the lives of people as Facebook posts and Watsapp statuses. A small change is always better than nothing at all.

The WCD Department has not just posted posts regarding the empowering of women, but rather brought out relevant posts on different social issues. Recently it released a meme that read

~~"Sir~~

~~Madam~~

**Teacher**"

The titles such as 'Sir' and 'Madam' was cancelled and instead the post emphasized the use of the gender neutral word 'teacher' for all those who teach.This message was a direct aftermath to the decision taken by a government school in Kerala to not use the titles 'sir' and 'madam'. Instead they decided to motivate their students to call whoever taught them as 'teachers'. Such inspirational changes happening in our society today gets an extra boost when a government initiated Department like the WCD puts forth such posts in social media.

Another initiative that this department took was in the field of good parenting. Their campaign titled "# ***Nammuku-Valaraam, NanaayiValrtham"*** was an open message to the parents on the occasion of Christmas, wherein the posts said

***"Othucherelukalkuttikalkkusamardhamundakunavedhikalaayimarathesredhikaam".***

***"Achadakompatipikam, adichuelpikathe"***

Such one liners together createan awareness among parents as to how they could possibly unlearn and then relearn the traditional or conventional lessons of parenthood. Comparing one's own child's skills to other children, passing comments that could shatter their self-confidence and body shaming them according to their body type are some of the many things that parents do on a daily basis. The fact that displaying or exhibiting a child's talent at every possible occasion cancreate stress for them are stances that parents have to be sensitive about. Good and sensitive parenting is an important message that the department propagates.

Minute ideological shifts have the potential to bring about radical changes in the way people are trained to think down the times. Pertinent issues concerning women and child safety, gender neutrality and parenting are dealt with in a novel manner through these memes as thought reforms are transferred subtly into the minds of the readers. It is indeed appreciable that this small move has indeed produced major repercussions online.

Dr.Raji Prasad G V
NSS College, Cherthala

# WELLNESS MEETS HAPPINESS

Psychological well-being refers to how people evaluate their lives. Most people evaluate their life as either good or bad. So they are normally able to offer judgements. Philosophers and religious thinkers often define happiness in terms of living a good life, or flourishing, rather than simply as an emotion. Let's look upon the important aspects regarding happiness and wellness or well-being in detail. People have a level of subjective well-being even if they do not often consciously think about it, and the psychological system offers virtually a constant evaluation of what is happening to the person.

**What is Well-being**


Well-being has been defined as the combination of feeling good and functioning well, the experience of positive emotions such as happiness and contentment as well as the development of one's potential and experiencing positive relationships. Well-being is a subjective term and is synonymous with positive mental health. The World Health Organization defines positive mental health as "a state of well-being in which the individual realises high or her own abilities can cope with the normal stresses of life, can work productively and fruitfully and is able to make a contributions to his or her community".

Well-being has been linked to success at professional, personal and interpersonal levels, with those individuals high in well-being exhibiting greater productivity in the workplace, more effective learning, increased creativity, more prosocial behaviours and positive relationships.

**Wellness Vs.Well-bing**

The terms wellness and well-being and happiness have often been used together or interchangeably by businesses, researchers and the media. Wellness as the active pursuit of activities, choices and lifestyles that lead to a state of holistic health. Wellness is an individual pursuit-we have self responsibility for our own choices, behaviours and lifestyles-but it is also significantly influenced by the physically social and cultural environments in which we live. Wellnes is the act of functioning healthy habits on a daily basis to attain better physical mental health outcomes, so that instead of just surviving, you are thriving.

Several key areas of your lifestyle are considered dimensions of overall wellness. They




include: social connectedness, exercise, nutrition, sleep and mindfulness. Each one has an impact on your physical and mental health. By making simple and healthy choices on a daily basis, you will be well on your way towards reducing stress, having positive social interactions and achieving optimal wellness.

**Dimentions of Wellness**

There are mainly eight dimensions of wellness. Physical, Emotional, Intellectual, Financial, Spiritual, Social, Environmental and Occupational Dimentions. Attention must be given to all the dimensions, as neglect of any one, overtime will adversely affect the others, ultimately one's health, well-being and quality of life.

Change becomes much more achievable if you pay attention to who you are and insert routines that take advantage of your strengths, tendencies and aptitudes. Circadian rhythms reflect our natural tendencies for sleeping and waking and influence our energy and productivity at different times in the day. Change also becomes more achievable if you choose strengths that enhance your chance for success. Sometimes, change takes a long time. Sometimes it requires repeated experiment and failures. Wellness is a lifestyle, a personalized approach to living life in a way that allows you to become the best knod of person that your potentials, circumstances and fate will allow. The past is history; the present and the future lie in the choices you make today. Do not worry about getting it perfect; just get it going, and become the best kind of person you can be.

**Measurement of Well-being**

As well-being is a subjective term, it is typically measured with self-reports. One useful way of measuring wellbeing is the Warwick-Edinburgh Mental Well-being Scale(WEMWBS). It is a 14 item scale of mental well-being covering subjective well-being and psychological functioning, in which all items are worded positively and address aspects of positive mental health. The scale is scored by summing responses to each item answering on a 1 to 5 Likert Scale. The minimum scale score is 14 and the maximum is 70. In general population samples, significant differences in WEMWBS scores were found by certain factors such as tenure, employment status, and marital status. Further research on WEMWBS is ongoing. WEMWBS aims to measure mental well-being itself and not the determinants of mental well-being , which include resilience, skills in relationship, conflict management and problem solving, as well as socioeconomic factors such as poverty, domestic violence, bullying, unemployment, stigma, racism and other forms of social exclusion.

**Cyclical Relationship of Happiness and Health**

There has been a growing body of scientific research connecting happiness to physical health and overall well-being. Today, there is a considerable amount of research that offers strong evidence that positive emotions have a significant impact on physical health, resulting in a higher quality, healthier and

## Dimensions of Wellness

**A. Physical Dimension**

- Caring for your body to stay healthy now and in the future.

**B. Intellectual Dimension**

- Growing intellectually, maintaining curiosity about all there is to learn, valuing lifelong learning and responding positively to intellectual challenges.
- Expanding knowledge and skills while discovering the potential for sharing your gifts with others.

**C. Emotional Dimension**

- Understanding and respecting your feelings, values and attitudes
- Appreciating the feelings of others.
- Managing your emotions in a constructive way.
- Feeling positive and enthusiastic about your life.

**D. Social Dimension**

- Maintaining healthy relationships, enjoying being with others, developing friendships and intimate relations, caring about others, letting care about you.

**E.Emotional Dimension**

- Think before you act.
- Be aware of your emotions and reactions
- Express your feelings in appropriate ways.
- Take care of your physical health.

**F. Financial Dimension**

- Evaluate your financial situation periodically
- Build your savings
- Focus on financial education
- Design and stick to a practical budget.

**G.Spiritual Dimension**

- Practice Yoga
- Meditate
- Spend time in nature
- Focus on your hobbies
- Volunteer or help others.

**H. Occupational Dimension**

- Find the benefits and positives in your current job
- Create connections with your co-workers
- Enjoy what you do, do what you enjoy.
- Increase your knowledge and skills to accomplish your goals.

longer life. Like many other components of mental and emotional health happiness is largely subjective. Studies show that there are 3 primary factors that contribute to a state of chronic happiness- a state of being that is more resilient to the normal ups and downs of life: Genetics, circumstances and Efforts. While it might be tempering to assume that circumstances such as wealth are a major contributor, research indicates that our circumstances are only responsible for roughly 10% of our happiness. 50% of our happiness is likely due to genetic temperament and disposition, leaving a whopping 40% fairly within our control. Efforts that contribute to happiness include daily behaviour patterns(habits) how we choose to think about people and situations and what we select as personal goals and meaningful activities.

**Conclusion**

As research continues to prove happy people tend to be healthier people. We also know that healthier people tend to be more physically active and socially connected, two factors that further contribute to overall health and well-being. It benefits everyone, because in being happier more fulfilled individuals, we have more value to those around us. Enhancing self-understanding and self-compassion extends our understanding and comparison for others. Feeling good about ourselves allows us to be good to the people in our lives.

**ഡോ. അഖില ബി. ഇടത്താഴെ**
മേരി മാതാ ആർട്സ് ആന്റ് സയൻസ് കോളേജ്, മാനന്തവാടി

ചിറകുവിടർത്തി പറക്കും കഴുകന്മാർ
പെണ്ണുടൽ തേടും യാത്ര...
കാമം കണ്ണുകളിൽ, നരയ്ക്കും
വികാരം പകലന്തിയോളം
ഇരുട്ട് അതിഷ്ടമാണ്
ആരുമൊന്നും കാണുന്നില്ലല്ലോ!
വേറെയുമൊണ്ടൊരു കൂട്ടർ
രാപ്പകൽ ഭേദമില്ലാത്തവർ

മദ്യശാലയിലൊരു പെണ്ണ്
തുണിയുരിഞ്ഞാടിടുന്നു
ഇനിയൊരുത്തി ശ്രുളം വിളിക്കുന്നു
വേശ്യായെന്നാരോ പറയുന്നു
അന്നമല്ലേ മാനത്തേക്കാൾ പ്രധാനം!
വേറൊരുത്തി പതിവ്രത.
ഭർതൃസേവ വ്രതം പോലെ കരുതും
നിത്യപൂജ കുടുംബത്തിനർപ്പിക്കും
ഇവളെയെന്തിനു നിക്കു
ചെഞ്ചുണ്ടുമായി അലയുന്നവളില്ലേ?

കാമം തുറിക്കും
കണ്ണുകളെന്നും ഭയാനകം
അശേഷമിതു തുടച്ചു നീക്കുവാ-
നാവതില്ല സൃഷ്ടാവിനും
പ്രായമത് നരവീഴിക്കും ഉടലത്രയും
അടങ്ങാത്തതൊന്ന് കാമമത്രേ

പെണ്ണുടൽ പലവിധം
മോഹചാപല്യവും പലവിധം.
തെളിനീർ പോലെ ശുദ്ധം
കാച്ചി മൂർച്ച കൂട്ടീടുക
ഉലയിലെ ഉമിയിൽ തീപ്പന്തമാകുക
ചരിത്രം പിറക്കും നിൻ മെതിയടികളിൽ
ഭ്രമിതാളങ്ങൾ നിൻ കാൽ സ്പന്ദനങ്ങൾ
നാളെയുടെ ഉശിരിനെ നീ തന്നെ കാക്കണം
നാളെയുടെ നേരുകൾ നിൻ രഥചക്രങ്ങൾ
മുന്നേ നടക്കും പെണ്ണായിടുക
അബലയല്ല അഭയമായി മാറിടുമൊരുനാൾ



## എ കെ പി സി ടി എ

# 64-ാം
# സംസ്ഥാന സമ്മേളനം

**2022 മെയ് 19-20**
**എറണാകുളം**

നവ ഉദാരവൽക്കരണത്തിനെതിരെ,
നവകേരള സൃഷ്ടിക്കായി

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.296

ISSN 2454-4795
Rs.11/- MARCH - 2022


# CHAND BOOKS & CHAND PUBLICATIONS

Chand House, Pattom, Thiruvananthapuram-695 004
Phone: 0471-2530648, 9387805631, 8547030648

## *Commerce Books for:*

Kerala University
Mahatma Gandhi University
Calicut University





Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. A.S. Sumesh**